

# ബഥേൽപത്രിക

വാല്യം 8 ഫെബ്രുവരി 1995 ലക്കം 2

Humble yourselves before God, and He will lift you up (James 4:10)



ചെങ്ങന്നൂർ ഭദ്രാസന കേന്ദ്രത്തിൽ നിന്ന് പ്രസിദ്ധപ്പെടുത്തുന്നത്

## ഉള്ളടക്കം

ഇടയലേഖനം

ക്രിസ്തുവിന്റെ ജീവൻ
ജോയി നെടുമ്പറമ്പിൽ

കോവണിയിലൂടെ ഒരു ആരോഹണം
ഫാ. മാത്യു പി. സാം

ഇരുളും നിഴലും
ഫാ. ജോൺ തോമസ്

ഭദ്രാസന വാർത്തകൾ

ബാലപത്രിക

ബൈബിൾ ക്വിസ്

# ബഥേൽ പത്രിക

★

ഫെബ്രുവരി 1995

രക്ഷാധികാരി

**നി. വ. ദി. ശ്രീ.**
**തോമസ് മാർ അത്താനാസി യോസ് മെത്രാപ്പോലീത്താ**

## ഉപദേശക സമിതി

1 ഡോ. കെ. എം. തരകൻ
2 ഡോ. സാമുവൽ ചന്ദനപ്പള്ളി
3 സഭാകവി സി. പി. ചാണ്ടി
4 റവ. ഫാ. പി. വി. ജോൺ

## പത്രാധിപ സമിതി

1 റവ. ഫാ. പി.ജി. ജോർജ്ജ്
2 ഡയോസിഷൻ സെക്രട്ടറി (എക്സ് ഒഫീഷ്യോ)
3 റവ. ഫാ. മാത്യു വർഗീസ്
4 റവ. ഫാ. പി. സി. തോമസ്
5 റവ. ഫാ. മാത്യു കോശി
6 റവ. ഫാ. ജോൺ തോമസ്
7 കമാണ്ടർ കെ. ജി. തോമസ് (റിട്ട)
8 കെ. ജി. ദാനിയേൽ
9 കെ. കെ. ഏബ്രഹാം
10 പ്രൊഫ. റ്റി. ജെ. മാത്യു (ചീഫ് എഡിറ്റർ)

**സർക്കുലേഷൻ മാനേജർ**
എം. എ. ജേക്കബ്

## ക്വിസ്

ബിനോയ് പി. ജോർജ്ജ് കുടശ്ശനാട്

**ചോദ്യങ്ങൾ**

1 ആദ്യമായി മുന്തിരിത്തോട്ടം ഉണ്ടാക്കിയ വ്യക്തി?
2 കടൽക്കരയിലെ മണൽ പോലെ ഹൃദയ വിശാലതയുള്ള പഴയനിയമ പുരുഷൻ ?
3 നിന്റെ ഭവനത്തിലെ സന്താനമൊക്കെയും പുരുഷപ്രായത്തിൽ മരിക്കും. ആരുടെ ?
4 ദൈവം മനുഷ്യനോടു ചോദിച്ച ആദ്യത്തെ ചോദ്യം ?
5 മൂന്നു സംവത്സരം ചെരിപ്പിടാതെയും നഗ്നനായും നടക്കാൻ യേഹോവയുടെ ആജ്ഞ കിട്ടിയ പഴയനിയമ പ്രവാചകൻ
6 വെളിപാടു പുസ്തകത്തോടു സാമ്യമുള്ള പഴനിയമ പുസ്തകം
7 സൗഖ്യം പ്രാപിച്ച 10 കുഷ്ഠരോഗികളിൽ നന്ദി പറയുവാൻ എത്തിയ പുരുഷൻ ഏതുദേശക്കാരൻ ആയിരുന്നു.
8 ദൈവമഹത്വവും ദൈവത്തിന്റെ വലത്തുഭാഗത്ത് യേശുനിൽക്കുന്നത് കണ്ടതാര് ?
9 കർത്താവ് ഉപയോഗിച്ച ഭാഷ
10 ക്രിസ്തീയ സഭയുടെ മാതാവ് ആര് ?

## ഇടയലേഖനം

വാത്സല്യ മക്കളെ,

ഇന്നത്തെ സമൂഹത്തിൽ നിലവിലിരിക്കുന്ന ഒരു ദുഷിച്ച പ്രവണതയിലേക്ക് വിരൽ ചൂണ്ടുവാനാണ് ഇത്തരുണത്തിൽ നാം ശ്രമിക്കുന്നത്. പൊതുമുതലിന്റെ ദുർവിനിയോഗത്തിലേക്ക് നിങ്ങളുടെ ചിന്തയെ ആകർഷിക്കുവാനാണ് നാം ആഗ്രഹിക്കുന്നത്. എന്നാൽ ഈ വിഷയത്തിലേക്ക് പ്രവേശിക്കുന്നതിന് മുമ്പ് ധനം, ധനസമ്പാദനം എന്നിവയെ വേദപുസ്ക പശ്ചാത്തലത്തിൽ ചിന്തിക്കേണ്ടത് അത്യന്താപേഷിതമാകുന്നു.

ധനം മനുഷ്യന് അവന്റെ ജീവസന്ധാരണത്തിന് ആവശ്യമാണ്. ആഹാരം, വസ്ത്രം, വീട് എന്നിവ മനുഷ്യന്റെ പ്രാഥമികാവശ്യങ്ങളാണ്. മനുഷ്യന്റെ ജീവിത നിലവാരം ഉയരുന്നതനുസരിച്ച് ധനത്തിന്റെ ആവശ്യവും വർദ്ധിച്ചു വരുന്നു. തന്മൂലം ധനവും ധനസമ്പാദനവും അതിൽത്തന്നെ പാപമല്ല എന്നു വ്യക്തമാകുന്നു.

ധനം ദൈവത്തിന്റെ ദാനം ആകുന്നു. 1 ശമുവേൽ 2-ാം അദ്ധ്യായം 7-ാം വാക്യത്തിൽ പറയുന്നത് ശ്രദ്ധിക്കുക "യഹോവ ദാരിദ്ര്യവും ഐശ്വര്യവും നൽകുന്നു." സഭാപ്രസംഗി 5-ാം അദ്ധ്യായം 19-ാം വാക്യത്തിൽ ഇങ്ങനെ പറയുന്നു. "ദൈവം ധനവും ഐശ്വര്യവും അതു അനുഭവിച്ചു തന്റെ ഓഹരി ലഭിച്ചു തന്റെ പ്രയത്നത്തിൽ സന്തോഷിപ്പാൻ അധികാരവും കൊടുത്തിരുക്കുന്ന ഏതു മനുഷ്യനും അതു ദൈവത്തിന്റെ ദാനം തന്നെ"

എന്നാൽ ധനം ശാശ്വതമായി നിലനിൽക്കുന്ന ഒന്നല്ല. "സമ്പത്ത് എന്നേക്കും ഇരിക്കുന്നതല്ലല്ലൊ. കിരീടം തലമുറതലമുറയോളം ഇരിക്കുമൊ ? (സദൃശ്യവാക്യങ്ങൾ 27:24) കൂടാതെ 1 തിമൊ 6:17 ഉം യാക്കോബ് 5:2 ഉം 1 പത്രോസ് 1:18 ഉം സദൃശ്യശാക്യങ്ങൾ 23:5 ഉം വായിക്കുക.

സമ്പത്തും ദാരിദ്ര്യവും
കടലിൽ കല്ലോല്ലം പോൽ മാറിക്കൊണ്ടിരിപ്പതു.
ലോകത്തിൽ നിയമം താൻ

ധനത്തിന്റെ ഒരു പ്രത്യേകത മനുഷ്യന് ഒരിക്കലും തൃപ്തിവരികയില്ല എന്നുള്ളതാണ്. "അവന്റെ കണ്ണിന്നു സമ്പത്തു കണ്ടു

തൃപ്തി വരുന്നതുമില്ല.'' (സഭാപ്രസംഗി 4 8) ''ദ്രവ്യപ്രിയന് ദ്രവ്യം കിട്ടീട്ടും ഐശ്വര്യപ്രിയന് ആദായം കിട്ടീട്ടും തൃപ്തിവരുന്നില്ല. അതും മായ അത്രെ.'' (സഭാ. 5:10) ധനം ശാശ്വതമല്ലെന്നു മാത്രമല്ല അതു മോഷ്ടിക്കപ്പെടുന്നതും ആകുന്നു. ''പുഴുവും തുരുമ്പും കെടുക്കയും കള്ളന്മാർ തുരന്നു മോഷ്ടിക്കയും ചെയ്യുന്ന ഈ ഭൂമിയിൽ നിങ്ങൾ നിക്ഷേപം സ്വരൂപിക്കരുത്.''

സമ്പത്ത് അതിരു കവിഞ്ഞാൽ സംഭവിക്കുന്ന ദൂഷ്യങ്ങളെക്കുറിച്ചും നാമോരോരുത്തരും ബോധവാന്മാരാകണം. ''യേശു ചുററും നോക്കി തന്റെ ശിഷ്യന്മാരോട് സമ്പത്തുള്ളവൻ ദൈവരാജ്യത്തിൽ കടക്കുന്നത് എത്ര പ്രയാസം എന്നു പറഞ്ഞു. (മർക്കോസ് 10:23) ദ്രവ്യാഗ്രഹം സകലവിധ ദോഷത്തിനും കാരണമായിത്തീരുന്നു എന്നത് ഒരു നഗ്നയാഥാർത്ഥ്യമാകുന്നു. ''ദ്രവ്യാഗ്രഹം സകലവിധ ദോഷത്തിനും മൂലമല്ലൊ. ഇതു ചിലർ കാംക്ഷിച്ചിട്ട് വിശ്വാസം വിട്ടുഴന്നു ബഹുദുഃഖങ്ങൾക്കു അധീനരായിത്തീർന്നിരിക്കുന്നു.'' (1 തിമോ. 6:10)

ആയതുകൊണ്ട് ധനത്തിൽ അതിർ കവിഞ്ഞ് ആശ്രയിക്കരുത്. ഇയ്യോബ് 3124: ഉം 1 തിമോ. 6 17 ഉം വായിക്കുക. അതുപോലെ ധനം ധാരാളം സമ്പാദിച്ചതിന്റെ പേരിൽ അഹങ്കരിക്കുന്നത് ദൈവ കോപത്തിന് ഇടവരുത്തുക ആയിരിക്കും. ''എന്റെ ശക്തിയും എന്റെ കയ്യുടെ ബലവും ഈ സമ്പത്തുണ്ടാക്കി എന്നു നിന്റെ ഹൃദയത്തിൽ പറയാതിരിപ്പാനും സൂക്ഷിച്ചു കൊള്ളേണം (ആവ. 81.7)

ധനം നമുക്കോരോരുത്തർക്കും അത്യന്താപേക്ഷിതമാണെങ്കിലും നമ്മുടെ ആവശ്യത്തിൽക്കവിഞ്ഞ് സൂക്ഷിപ്പാൻ നമുക്ക് അവകാശമില്ല. നമ്മുടെ ആവശ്യത്തിൽക്കവിഞ്ഞുള്ള ധനം ദരിദ്രർക്കു കൊടുക്കുവാൻ നാം ചുമതലപ്പെട്ടവരാണ്. (മത്താ. 19:21 ഉം 1 യോഹ. 3:17 ഉം വായിക്കുക) നമ്മുടെ ആവശ്യത്തിൽ കവിഞ്ഞുള്ള ധനം മററുള്ളവരുടെ രക്ഷയ്ക്കായി ഉപയോഗിക്കുവാനും നമ്മൾ ഒരുക്കമുള്ളവരാകണം. ''അനീതിയുള്ള മാമ്മോനെക്കൊണ്ട് നിങ്ങൾക്കു സ്നേഹിതന്മാരെ ഉണ്ടാക്കിക്കൊൾവിൻ എന്നു ഞാൻ നിങ്ങളോടു പറയുന്നു.'' (ലൂക്കോസ് 16:9)



നമ്മുടെ കർത്താവ് നമ്മെ പഠിപ്പിച്ചിരിക്കുന്നത് എന്തെന്നാൽ ധനം അതിൽ തന്നെ പാപമല്ല. ധനം മനുഷ്യന് അത്യന്താപേക്ഷിതമാകുന്നു. ധനം സമ്പാദിക്കുന്നതു തെററല്ല എന്നാൽ സമ്പാദിക്കുന്ന മാർഗ്ഗവും ന്യായമായതായിരിക്കണം. അന്യായമായ മാർഗ്ഗത്തിൽക്കൂടി പണം സമ്പാദിക്കുവാൻ കർത്താവ് നമ്മെ അനുവദിക്കുന്നില്ല. അതുപോലെ തന്നെ നമ്മുടെ ന്യായമായ ആവശ്യത്തിൽ കവിഞ്ഞുള്ള സ്വത്ത് കൈവശം വയ്ക്കുവാനും നമുക്കവകാശം ഇല്ല. ''ഞങ്ങൾക്ക് ദിനംപ്രതിയുള്ള ആഹാരം തരേണമെ'' എന്നാണല്ലൊ നമ്മുടെ കർത്താവ് പ്രാർത്ഥനയിലൂടെ നമ്മെ പഠിപ്പിച്ചത്. നമ്മുടെ ന്യായമായ ആവശ്യത്തിൽ കവിഞ്ഞുള്ള ധനം ദരിദ്രന്മാർക്കും മററ് അർഹതയുള്ളവർക്കും നാം ദാനമായി നൽകണം.

ധനസമ്പാദനവും ധനം സൂക്ഷിപ്പും പോലെ തന്നെ പ്രധാനമാകുന്നു ധനവിനിയോഗവും, സമസൃഷ്ടങ്ങൾ പട്ടിണിയും പരിവട്ടവുമായിക്കഴിയുമ്പോൾ ആർഭാട സമന്വിതമായ ജീവിതം നയിക്കുവാൻ നമുക്ക് അവകാശം ഇല്ല. ''കാണപ്പെടുന്ന സഹോദരനെ സ്നേഹിപ്പാൻ കഴിയാത്തവന് കാണപ്പെടാത്ത ദൈവത്തെ സ്നേഹിക്കാൻ എങ്ങിനെ കഴിയും?'' എല്ലാ മതഗ്രന്ഥങ്ങളും ഇതു തന്നെയാകുന്നു പഠിപ്പിക്കുന്നത്. നമ്മുടെ സ്വന്തം ധനം ഉപയോഗിക്കുന്ന കാര്യത്തിൽപ്പോലും ഇത്ര മാത്രം നിയന്ത്രണം കർത്താവ് ഏർപ്പെടുത്തിയെങ്കിൽ പൊതു മുതലിന്റെ കാര്യത്തിൽ നാം എത്ര മാത്രം ജാഗരൂകരായിരിക്കണമെന്നാണ് കർത്താവ് പ്രതീക്ഷിക്കുന്നത്! ദുഃഖകരമെന്നു പറയട്ടെ ഭൗതിക മണ്ഡലത്തിലായാലും ആത്മീയ മണ്ഡലത്തിലായാലും പൊതു മുതൽ ചെലവഴിക്കുന്നത് ഒട്ടും തന്നെ ഉത്തരവാദിത്വബോധമില്ലാതെയാണ്. പൊതുമുതൽ ദീപാളികുളിക്കുന്നത് ഇന്നൊരു തെററല്ലാതായിരിക്കുന്നു. പൊതുമുതൽ ലക്ഷ്യബോധമില്ലാതെ ചെലവാക്കുന്നതുപോലെ തന്നെ നിന്ദ്യമായ പ്രവൃത്തിയാകുന്നു പണം വഴിമാററി ചെലവാക്കലും. ഒരു പ്രത്യേക ആവശ്യത്തിനു വേണ്ടി ബജററിൽ നീക്കിവച്ചിരിക്കുന്ന പണം ചുമതലപ്പെട്ടവർ തന്നെ മറെറന്തെങ്കിലും കാര്യത്തിനായി ചെലവാക്കുന്നത് ഒരു സാധാര

ണ സംഭവമായി തീർന്നിരിക്കുകയാണ്. ഇങ്ങനെയുള്ളവർ മനുഷ്യരെ മാത്രമല്ല ദൈവത്തെക്കൂടിയാണ് വഞ്ചിക്കുന്നത്.

ധനം ദൈവത്തിന്റെ ദാനം ആയതിനാൽ ധനത്തിന്റെ വിനിയോഗം നാമേവരും ശ്രദ്ധാപൂർവ്വം കൈകാര്യം ചെയ്യണം. പൊതുമുതലാകുമ്പോൾ നമ്മുടെ ചുമതല ഇരട്ടിക്കുകയാണ്. കൃത്യമായി കണക്കു സൂക്ഷിക്കുക, സൂക്ഷിച്ചുമാത്രം ചെലവുചെയ്യുക, വരവിന്റെയും ചെലവിന്റെയും സത്യസന്ധമായ കണക്കും രസീതും സൂക്ഷിക്കുക ഇവയൊക്കെ ഇന്നു പഴങ്കഥയായി മാറിയിരിക്കുന്നു. കണക്കു ബുക്കുകൾ തന്നെ ഇന്ന് ഒറിജിനലും ഡ്യൂപ്ലിക്കേറ്റും ഉണ്ട്. ഒറിജിനൽ രഹസ്യമായി സൂക്ഷിക്കുവാനും ഡ്യൂപ്ലിക്കേറ്റ് അധികാരികളെ കാണിക്കുവാൻ വേണ്ടിയും ആകുന്നു എന്നു പറയുമ്പോൾ ആധുനിക ലോകം എത്രമാത്രം ധാർമ്മികമായി അധഃപ്പതിച്ചു എന്ന് മനസ്സിലാക്കാമല്ലോ എന്തിനധികം? പെന്തിക്കോസ്തി ദിവസത്തിൽ എടുക്കുന്നകണിക്കയിൽ നിന്നും നല്ലൊരു പങ്ക് എടുത്തിട്ട് ബാക്കിയാണ് സണ്ടേസ്കൂൾ പ്രസ്ഥാനത്തിന് പല പള്ളികളും നൽകുന്നത് എന്നത് പരസ്യമായ രഹസ്യമാണ്. പൈതങ്ങൾക്കുള്ളത് എടുക്കുന്നവരെക്കുറിച്ച് എന്തുപറയുവാനാണ് ?

വീണ്ടും പ്രിയരെ, വലിയ നോമ്പിലേക്ക് പ്രവേശിക്കുവാൻ പോകുന്ന നാമോരോരുത്തരും ആന്തരിക വിശുദ്ധിക്ക് വിധേയരാവണം. പാപങ്ങളിൽ നിന്നെല്ലാം. ഒഴിഞ്ഞുമാറി ഒരു വിശുദ്ധ ജീവിതം നയിക്കുവാൻ നമുക്ക് തയ്യാറെടുക്കാം. നമ്മുടെ പാപം എത്ര കഠിനമായിരുന്നാലും അവയെ ഹിമം പോലെ വെളുപ്പിക്കുവാൻ നമ്മുടെ കർത്താവിനു കഴിയും. ഈ നോമ്പുകാലത്ത് പ്രാർത്ഥന നോമ്പുപവാസങ്ങളാൽ നമ്മുടെ ശരീരാത്മ ദേഹികളെ നമ്മുക്ക് ശുദ്ധമാക്കി ഒരു പുതിയ സൃഷ്ടിയായി രൂപാന്തരപ്പെടാം അങ്ങനെ ഈ വരുന്ന വലിയ നോമ്പിന്റെ ആചരണത്തിലൂടെ നാമോരോരുത്തരും ഒരു പുതിയ സൃഷ്ടിയായി രൂപാന്തരപ്പെടുവാൻ കർത്താവ് സംഗതിയാക്കട്ടെ.

ശേഷം പിന്നാലെ

ദൈവം അനുഗ്രഹിക്കട്ടെ
കർത്താവിൽ നിങ്ങളുടെ
ബലഹീനനായ
തോമസ് മാർ
അത്താനാസിയോസ്
മെത്രാപ്പോലീത്താ



## നാം എവിടേയ്ക്ക്?

സജി വറുഗീസ് - അമയിൽ, ധാരാമൺ

ഭൂമിയിൽ ജീവിക്കുവാൻ ഒരു വ്യക്തിയെ പ്രേരിപ്പിക്കുന്ന ഘടകങ്ങളിൽ ഒന്നാണ് ലക്ഷ്യം എന്നുള്ളത്. എന്നാൽ ജീവിതത്തിന് ശരിയായ ലക്ഷ്യവും അർത്ഥബോധവും ഇല്ലാതെ ചരിക്കുമ്പോൾ എപ്പോഴും മുഴങ്ങിക്കേൾക്കുന്ന ഒന്നാണ് "എവിടേയ്ക്ക്" എന്നുള്ള ചോദ്യം. മനുഷ്യൻ തന്റെ ഉയർച്ചയുടെ ഉത്തുംഗശൃംഗത്തിൽ നിന്നുകൊണ്ട് ഈ ചോദ്യത്തിന് ഉത്തരം നൽകുവാൻ ശ്രമിക്കുന്നു. ആദിമയുഗത്തിൽ ഭക്ഷണം പാകം ചെയ്യുവാൻ അല്പം തീയ്ക്കുവേണ്ടി, നാണം മറയ്ക്കാൻ ഒരു തുണ്ടുവസ്ത്രത്തിനുവേണ്ടി പങ്കപ്പാടേറ്റ മനുഷ്യന് ഇന്ന് ശാസ്ത്രത്തിന്റെ അഗാധതലങ്ങളിലേക്ക് കടന്നുചെന്ന് അജ്ഞതയുടെ അന്ധകാരം നീക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

അതുപോലെ തന്നെ ദൈവത്തെപ്പറ്റിയുള്ള പഠനം പുരോഗമിച്ചതിന്റെ ഫലമായി അനേകം വേദശാസ്ത്ര സിദ്ധാന്തങ്ങൾ ഉടലെടുത്തിട്ടുണ്ട്. എന്നാൽ മനുഷ്യന്റെ ബുദ്ധിക്ക് അതീതനായ ദൈവത്തിന്റെ സ്വഭാവത്തിന്റെ ഒരംശം പോലും വിവരിക്കുവാൻ ഇന്നുവരെ കഴിഞ്ഞിട്ടില്ല. തന്റെ ഇന്നത്തെ ആകൃതിക്കും, ബുദ്ധിക്കും നിലനിൽപ്പിനും ഉറവിടമായ സൃഷ്ടാവിനെ വിവേചിക്കുവാൻ മനുഷ്യൻ തന്റെ ബുദ്ധികൊണ്ട് ശ്രമിക്കുന്നത് പണ്ടെങ്ങോ അമ്പിളിമാമനെ കൈക്കുള്ളിലാക്കുവാൻ ശ്രമിച്ച മടയന്റെ പ്രവർത്തനമല്ലാതെ മറ്റൊന്നുമല്ല. ചിലർ ദൈവത്തിന്റെ അസ്തിത്വത്തെ ചോദ്യം ചെയ്തുകൊണ്ട് ദൈവമില്ല എന്നു വിളിച്ചോതുന്നു. തങ്ങളുടെ ബുദ്ധികൊണ്ട് സകലത്തിനും ഉത്തരം നൽകുവാൻ അവർ ശ്രമിക്കുന്നുണ്ടെങ്കിലും "എവിടേയ്ക്ക്" എന്നുള്ളതിന് വസ്തുനിഷ്ടമായ ഉത്തരം നൽകുവാൻ സാധിക്കാതെ പോകുന്നു.

ദൈവത്തിന്റെ സ്വഭാവത്തെ മനുഷ്യന്റെ ബുദ്ധികൊണ്ട് നിർണ്ണയിക്കുവാൻ

തോമസ് അക്വാനാസിനെപ്പോലുള്ള പണ്ഡിതന്മാർ അനേകം സിദ്ധാന്തങ്ങൾ ആവിഷ്ക്കരിച്ചു എങ്കിലും അവയെല്ലാം പരാജയത്തിൽ പര്യവസാനിക്കുകയാണുണ്ടായത്. മനുഷ്യന്റെ ഉത്ഭവത്തെപ്പററി അനേകം കാരണങ്ങൾ ശാസ്ത്രലോകം ചൂണ്ടിക്കാണിക്കുന്നുണ്ടെങ്കിലും യഥാർത്ഥ കാരണം ഏതെന്നു പറയുവാൻ ഇന്നുവരെ ആർക്കും സാധിച്ചിട്ടില്ല.

മനുഷ്യൻ ഇന്ന് കുന്നും മലയും കയറി, കുഴിയും താഴ്വരയുമിറങ്ങി ജീവിതത്തിന്റെ ഊടുവഴികളിൽ കൂടിയെല്ലാം പരിഭ്രമിച്ച് ഓടുകയാണ്. ദൈവത്തെ വിട്ടിട്ടുള്ള മനുഷ്യന്റെ ഈ നെട്ടോട്ടം എങ്ങോട്ടാണ്? സെക്സിലും, മദ്യത്തിലും, മയക്കുമരുന്നിലും സന്തോഷം കണ്ടെത്താമെന്ന് വ്യാമോഹിച്ച് മനുഷ്യൻ തന്റെ ഓട്ടം തുടരുന്നു. എന്നാൽ ഈ മനുഷ്യൻ അറിയുന്നുണ്ടോ ഇത് തന്റെ നിഴലിനെ എത്തിപ്പിടിക്കുവാൻ വേണ്ടിയുള്ള ഓട്ടം പോലെ നിരർത്ഥകമാണെന്ന്.

ഭൂമിയിൽ ദൈവത്തെ സൃഷ്ടിക്കുവാൻ മനുഷ്യൻ ഇന്നു ശ്രമിച്ചുകൊണ്ടിരിക്കുന്നു. "Once God created man in His image. Now man creates God in his image," എന്ന ചിന്താധാരവളരെ അർത്ഥവത്താണ്. അസ്വസ്തതകളും അശാന്തിയും വർദ്ധിച്ചിരിക്കുന്ന ഈ ലോകത്തിൽ മനുഷ്യൻ ദൈവത്തെ തേടിയുള്ള പരക്കംപാച്ചിൽ ആരംഭിച്ചു കഴിഞ്ഞു. അതിനു പ്രത്യക്ഷങ്ങളായ അടയാളങ്ങളും അത്ഭുതങ്ങളും തേടി അവൻ അലയുന്നു. ചിലയിടങ്ങളിൽ മനുഷ്യൻ ഈ അത്ഭുതങ്ങളെ കണ്ടെത്തി അവയെ ദൈവമായി പ്രതിഷ്ഠിക്കുന്നു. ഇതാണ് ഇന്നത്തെ മനുഷ്യന്റെ സ്ഥിതി. അതുകൊണ്ടുതന്നെ അനേകം "കുട്ടിദൈവങ്ങളുടെ ഉദയവും നാം ഈ നൂററാണ്ടിൽ കണ്ടു. എന്നാൽ ദൈവം നമ്മോടു പറയുന്നു. "ഈ തലമുറ ദോഷമുള്ള തലമുറയാകുന്നു. അതു അടയാളം അന്വേഷിക്കുന്നു. യോനായുടെ അടയാളമല്ലാതെ അതിന് ഒരടയാളവും കൊടുക്കയില്ല.

(വി. ലൂക്കോസ് 11:29)



# ക്രിസ്തു തന്നെ ജീവൻ

ജോയി നെടുമ്പറമ്പിൽ, പുത്തൻകാവ്

അപ്പോസ്തോലനായ പൗലോസ് എഴുതി "എനിക്ക് ജീവിക്കുന്നത് ക്രിസ്തുവും, മരിക്കുന്നത് ലാഭവും.

---

നമ്മുടെ ലക്ഷ്യത്തെപ്പററി മനസ്സിലാക്കുന്നത് ദൈവവുമായുള്ള വ്യക്തിപരമായ ബന്ധത്തിലൂടെയാണ്. മനുഷ്യരും ഓരോ ലക്ഷ്യം പൂർത്തീകരിക്കേണ്ടതുണ്ട്. ഒരു പക്ഷെ രാജകൊട്ടാരത്തിന്റെ അകത്തളങ്ങളിൽ കയറിച്ചെന്ന് രാജാവിന്റെ കുററങ്ങൾ എണ്ണിയെണ്ണിപ്പറയുന്ന പ്രവാചകന്മാരായിട്ടോ, സമൂഹത്തിൽ നിലനിൽക്കുന്ന അസമത്വത്തിനും അനീതിയ്ക്കും എതിരെ പോരാടുന്ന സാമൂഹിക പരിഷ്ക്കർത്തവായിട്ടോ തന്റെ ജനത്തിന്റെ പാപമോചനത്തിനുവേണ്ടി യാഗം അർപ്പിക്കുന്ന ആചാര്യത്വ പദവിയിലേക്കൊ ആയിരിക്കാം നാം വിളിക്കപ്പെട്ടിരിക്കുന്നത്. നാം പലപ്പോഴും ഈ ലക്ഷ്യത്തിൽ നിന്നും വ്യതിചലിക്കുന്നു. അതുകൊണ്ടാണ് "എങ്ങോട്ട്" എന്ന ചോദ്യത്തിന് അർത്ഥമുണ്ടാകുന്നത്.

ദൈവത്തിന്റെ സ്നേഹത്തിൽ നിന്നും, കാരുണ്യത്തിൽ നിന്നും അകന്നു പോകുവാനുള്ള ഒരു പ്രവണത ഇന്നു വളരെ ശക്തമായി കാണുന്നു. എന്നാൽ വഴിയറിയാതെ ഓടി അവർ തളർന്നു വീഴുന്നത്. താൻ ആരിൽ നിന്നും ഓടിയകലുവാൻ ശ്രമിച്ചുവൊ ആ ദൈവത്തിന്റെ പാദാന്തികത്തിലായിരിക്കും എന്നുള്ള സത്യം നാം മറന്നുപോയിരിക്കുന്നു. അതുകൊണ്ട് വഴിയും ലക്ഷ്യവും അറിയാതെ യാത്ര ചെയ്ത് ഇടയ്ക്കു തളർന്നു വീഴുന്ന "ക്രിസ്തീയത"യ്ക്കായിട്ടല്ല, മറിച്ച് "ഞാൻ തന്നെ വഴിയും, സത്യവും ജീവനുമാകുന്നു.' എന്നുള്ള ദൈവ ശബ്ദത്താൽ ആകർഷിതരായി യാത്ര ചെയ്യുവാൻ ആണ് നാം വിളിക്കപ്പെട്ടിരിക്കുന്നത്. അങ്ങനെ നമ്മുടെ യാത്ര പുരോഗമിക്കുമ്പോൾ "എങ്ങോട്ട്" എന്ന ചോദ്യത്തിന്റെ പ്രസക്തി തന്നെ ഇല്ലാതെയാകുന്നു.

ആകുന്നു. ക്രിസ്തുവിനോടുകൂടി ഇരിപ്പാൻ എനിക്ക് കാംക്ഷയുണ്ട് അത് അത്യുത്തമമല്ലൊ." (ഫിലിപ്യർ 1: 22-23)

സാധാരണ നിലയിൽ മരണം എന്നു കേൾക്കുമ്പോൾത്തന്നെ നമ്മുടെ ഹൃദയം വിറച്ചുപോകാറുണ്ട്. മരണഭീതിയെക്കുറിച്ച് വേദപുസ്തകം പറയുന്നു (1 ശമു 15.32). നമ്മുടെ പ്രിയപ്പെട്ടവർ അവരുടെ നല്ല വാർദ്ധക്യത്തിലായാലും വേർപെടുമ്പോൾ നമ്മുടെ ഹൃദയം തകരുന്നു.

കഴിഞ്ഞ വർഷം ഈ ലേഖകൻ ഹൈദരബാദിൽ സ്ഥലം മാററം കിട്ടിവന്നപ്പോൾ ഗോൽക്കൊണ്ടാ എന്ന സ്ഥലം സന്ദർശിക്കുകയുണ്ടായി. പണ്ട് മുസ്ലീം ചക്രവർത്തിമാർ പാർത്തിരുന്ന ഒരു വലിയ കൊട്ടാരം അവിടെ ഉണ്ട്. അതിനു സമീപത്തായി കാണുന്ന നിരവധി ചെറിയ കൊട്ടാരങ്ങൾ രാജാക്കന്മാരുടെ ശവകുടീരങ്ങളാണ്. ഓരോ രാജാവും തൻെറ ജീവിതകാലത്തുതന്നെ സ്വന്തം ശവകുടീരം രൂപകല്പന ചെയ്ത് പണികഴിപ്പിക്കുമായിരുന്നു. അദ്ദേഹം മരിക്കുമ്പോൾ അതിനുള്ളിൽത്തന്നെ സംസ്കരിക്കുകയും ചെയ്യുമായിരുന്നു. ഈ വസ്തുത എന്നെ അല്പം ചിന്തിപ്പിച്ചു. ഓരോ പ്രഭാതത്തിലും നടക്കാനിറങ്ങുമ്പോൾ രാജാവ് സ്വന്തം ശവകുടീരം കാണുകയില്ലെ? എന്നാണ് മരണം തന്നെ പിടികൂടി ആ ശവകുടീരത്തിലേക്ക് അയക്കുന്നത് എന്ന ഭീതിയോടുകൂടി ആയിരിക്കും ആ ദിവസം മുഴുവൻ രാജാവ് ചെലവഴിക്കുക. മരണം അപ്രതീക്ഷിതമായിട്ടായിരിക്കും മനുഷ്യരെ പിടികൂടുന്നത്.

നമ്മുടെ ജീവൻ അഥവാ ചലന ശക്തി ദൈവത്തിൻെറ ദാനമാണ് എന്നു വേദപുസ്തകം പറയുന്നു. അതുകൊണ്ടായിരിക്കണം എനിക്കു ജീവിക്കുന്നത് ക്രിസ്തു എന്ന് വിശുദ്ധ പൗലോസ് പ്രസ്താവിച്ചത്. യഹോവയായ ദൈവം നിലത്തെ പൊടികൊണ്ട് മനുഷ്യനെ സൃഷ്ടിച്ചിട്ട് അവൻെറ മൂക്കിൽ ജീവശ്വാസം ഊതി മനുഷ്യൻ ജീവനുള്ള ദേഹിയായിത്തീർന്നു. (ഉല്പത്തി 2.7)

വിശുദ്ധ പൗലോസ് പറയുന്നു "അതുകൊണ്ട്



ഞങ്ങൾ അധൈര്യപ്പെടാതെ ഞങ്ങളുടെ പുറമെയുള്ള മനുഷ്യൻ ക്ഷയിച്ചുപോകുന്നു എങ്കിലും ഞങ്ങളുടെ അകമെയുള്ളവൻ നാൾക്കുനാൾ പുതുക്കം പ്രാപിക്കുന്നു" (2 കോരി. 4:16)

ദൈവം നിലത്തെപൊടികൊണ്ട് മനുഷ്യനെ സൃഷ്ടിച്ച് അവൻെറ മൂക്കിൽ ജീവശ്വാസം ഊതിയപ്പോൾ അവനിൽ ജീവൻ വന്നു. ഒരു മനുഷ്യന് രണ്ട് ഭാഗമുണ്ട് അകത്തെ മനുഷ്യൻ, പുറമെയുള്ള മനുഷ്യൻ. അകത്തെ മനുഷ്യൻ ആഗ്രഹിക്കുന്നത് മാത്രമാണ് പുറമെയുള്ള മനുഷ്യൻ ചെയ്യുന്നത് അതുകൊണ്ടാണ്.

അകത്തെ മനുഷ്യൻ തൻെറ ആത്മാവിനാൽ ശക്തിയോടെ ബലപ്പെടേണം എന്നു ദൈവം ആഗ്രഹിക്കുന്നത്. (എഫെ 3:16 റോമർ 7:22)

പുറമെയുള്ള ശരീരത്തിനുള്ളിൽ ദൈവം നിക്ഷേപിച്ചിരിക്കുന്നത് ഈ അകത്തെ മനുഷ്യനെയാണ് ദൈവം താൻ നൽകിയ ജീവനെ തിരിച്ചെടുക്കുമ്പോൾ അകത്തെ മനുഷ്യൻ തന്നെ സൃഷ്ടിച്ച ദൈവത്തിൻെറ അടുത്തേക്ക് പോകുന്നു. പുറമെയുള്ള ശരീരം നശിച്ചുപോകുന്നു.

കഴിഞ്ഞ വർഷം ഞാൻ അവധിയ്ക്ക് ട്രെയിനിൽ നാട്ടിലേക്ക് വരുമ്പോൾ കമ്പാർട്ടുമെൻറിൽ കുറുകെ ഒരു സ്ത്രീ കിടന്നിരുന്നതുകൊണ്ട് എനിക്ക് കാൽകുത്തി ഇറങ്ങാൻ കഴിഞ്ഞില്ല ഞാൻ അതിനെക്കുറിച്ച് മനസ്സിൽ പിറുപിറുത്തുകൊണ്ടിരുന്നു. രാത്രി എൻെറ ബർത്തിലേക്ക് കയറുവാൻ ശ്രമിച്ചു. പെട്ടന്ന് ആ സ്ത്രീ ഉണർന്ന് വളരെ കാര്യമായി പറഞ്ഞു. "മകനെ മുകളിൽ ലൈററും ഫാനും ഉണ്ട്. സൂക്ഷിച്ചുകൊള്ളണം. എന്തൊരു വ്യത്യാസമാണ് ഞങ്ങൾ തമ്മിൽ! എൻെറ അകത്തെ മനുഷ്യൻ സ്വാർത്ഥനായിരുന്നു. ആ സ്ത്രീയുടെ അകത്തെ മനുഷ്യൻ കവിഞ്ഞൊഴുകുന്ന സ്നേഹമായിരുന്നു.

ഒരു കാര്യം ഞാൻ എപ്പോഴും ഓർക്കും. ദൈവം മനുഷ്യനെ നേരുള്ളവനായി സൃഷ്ടിച്ചു അവരൊ അനേകം സൂത്രങ്ങളെ അന്വേഷിക്കുന്നു. (സഭാപ്രസംഗി 7:29) ഭൂമിയിൽ മനുഷ്യൻെറ ദുഷ്ടത വലിയതെന്നും അവൻെറ ഹൃദയവിചാരങ്ങളുടെ നിരൂപണമൊക്കെയും എല്ലായ്പ്പോഴും ദോഷമുള്ളതത്രെ എന്നും യഹോ

വ കണ്ടു. താൻ ഭൂമിയിൽ മനുഷ്യനെ ഉണ്ടാക്കുകകൊണ്ട് യഹോവ അനുതപിച്ചു അതെ അവന്റെ ഹൃദയത്തിൽ ദുഃഖമായി. (ഉല്പത്തി 6 5-6) ദൈവം മനുഷ്യനെ സൃഷ്ടിച്ചപ്പോൾ അവനെ നല്ലവനായി സൃഷ്ടിച്ചു. അകത്തെ മനുഷ്യനെ ശുദ്ധനായും നിഷ്കളങ്കനായും സൃഷ്ടിച്ചു. എന്നാൽ കാലം കുറെ കഴിഞ്ഞപ്പോൾ അവന്റെ ഹൃദയ വിചാരങ്ങൾ പോലും ദോഷമായി. ഇനിയും നാം എന്തുചെയ്യണം?

നമ്മുടെ അകത്തെ മനുഷ്യന്റെ ദൃഷ്ടികളിൽ യേശു ക്രൂശിൽ തൂങ്ങിക്കിടക്കുന്നതും അവന്റെ ജീവൻ നമ്മുടെ നിത്യജീവനായി ബലിയർപ്പിക്കുന്നതും കാണുമ്പോൾ മാത്രമെ അതിന്റെ മാധുര്യം ഗ്രഹിയ്ക്കാൻ കഴിയൂ "നാം അവന്റെ ശരീരത്തിന്റെ അവയവങ്ങളല്ലൊ" (എഫേസ്യർ 5:30) നമ്മുടെ ശരീരം അവന്റെ ശരീരത്തോടും നെമ്മുടെ അസ്ഥികൾ അവന്റെ അസ്ഥികളോടും നമ്മുടെ മാംസം അവന്റെ മാംസത്തോടും പററിച്ചേരണം. ക്രിസ്തുവിനോടു പററിച്ചേർന്നിരിക്കുന്ന നമ്മളെ ആരെങ്കിലും പീഡിപ്പിക്കുമ്പോൾ അവൻ ക്രിസ്തുവിനെത്തന്നെയാണ് പീഡിപ്പിക്കുന്നത് രോഗവും ദാരിദ്ര്യവും നമ്മെ പീഡിപ്പിക്കുന്നുവോ? അവ യേശുവിനെത്തന്നെ പീഡിപ്പിക്കുകയാണ്.

നമുക്ക് ഒരു ജ്യേഷ്ട സഹോദരനുണ്ട് (റോമർ 8: 29) അവനോട് പററിച്ചേരുക നമ്മുടെ കണ്ണുനീർ അവൻ തുടയ്ക്കും അതുകൊണ്ടാണ് ദാവീദ് ധൈര്യമായി പറഞ്ഞത് "യഹോവ എന്റെ വെളിച്ചവും എന്റെ രക്ഷയും ആകുന്നു ഞാൻ ആരെ ഭയപ്പെടും? യഹോവ എന്റെ ജീവന്റെ ബലം ഞാൻ ആരെ പേടിക്കും? (സങ്കീർത്തനങ്ങൾ 27:1)

നമ്മുടെ ജീവൻ ക്രിസ്തുവിന്റെ ജീവനുമായി പററിച്ചേർന്നാൽ നമുക്കും പൗലോസിനെപ്പോലെ പറയുവാൻ കഴിയും.

"എന്റെ കാലഗതികൾ നിന്റെ കൈയിൽ ഇരിക്കുന്നു (സങ്കീ:31:15) ക്രിസ്തു നമ്മുടെ ജീവനായിത്തീരുവാൻ നമുക്കു പ്രാർത്ഥിക്കാം. നമ്മുടെ ജീവൻ അവന്റെ കരത്തിങ്കൽ സുരക്ഷിതമായിരിക്കും. അനുദിനം അവൻ തന്നെ നമ്മുടെ ആവശ്യങ്ങൾ നിവർത്തിച്ചുതരും. അവൻ തന്നെ നമുക്ക് നിത്യസന്തോഷത്തിനായി വഴി ഒരുക്കിത്തരും.

★





## കോവണിയിലൂടെ ഒരു ആരോഹണം

ഡീക്കൺ ഫെിലിപ്പ് പി. സാം തോട്ടപ്പുഴ

പരിശുദ്ധിയുടെ പടവുകൾ അനന്തമാണ്. അതിൽ കൂടിയുള്ള പ്രയാണം ക്ലേശകരവും ദൈവകൃപയിൽ ആശ്രയിച്ചുകൊണ്ട് ക്ലേശകരമായ ഓരോ പടകുളും അതീവ ശ്രദ്ധയോടെ ചവിട്ടിക്കയറി തേജസ്സിന്റെ വാടാത്ത കിരീടം പ്രാപിച്ച സാക്ഷികളുടെ വലിയ സമൂഹം. അവരുടെ പരിശുദ്ധമായ ജീവിതവും, ഒളിമങ്ങാത്ത ദർശനവും ആദരണീയമാണ് അതിലുപരി അനുകരണീയവും.

### ജോൺ ക്ലീമാക്കസ് ജീവിതവും ദർശനവും

ഈജിപ്തിലെ തോലസ് എന്ന സ്ഥലത്തെ സന്ന്യാസാശ്രമ പ്രസ്ഥാനത്തിന് ഊടും പാവും നല്കിയ ജോൺ ക്ലീമാക്കസ് (C 579-649 AD) പൗരസ്ത്യ ആദ്ധ്യാത്മീക ലോകത്തെ ജ്വലിക്കുന്ന തൂലികയായിട്ടാണ് അറിയപ്പെടുന്നത് തപോധനനായിരുന്ന അബ്ബാമാർട്ടീറിയസിന്റെ ശക്തമായ പ്രഭാവലയത്തിൽ ആകൃഷ്ടനായി, പതിനാറാമത്തെ വയസ്സിൽ വീടും, നാടും വിട്ട് സന്ന്യാസം സ്വീകരിച്ച ജോൺ മാർട്ടീറിയസിന്റെ ശിക്ഷണത്തിൽ വളർന്നു. താൻ പിതാവിനെപ്പോലെ സ്നേഹിച്ചിരുന്നു മാർട്ടീറിയസിന്റെ മരണശേഷം തോലാസിലെ ആശ്രമപ്രസ്ഥാനത്തിന്റെ നേതൃത്വം തന്റെ കരങ്ങളിൽ സുരക്ഷിതമായിരുന്നു. അരനൂററാണ്ടോളം നീണ്ട സാധനയുടെയും ജീവിത വിശുദ്ധിയുടെയും പ്രതിഫലനമായി അദ്ദേഹം രചിച്ച ദൈവീക ആരോഹണത്തിനുള്ള കോവണി" (The Ladder of Divine Ascent) പൗര്യസ്ത്യ ആദ്ധ്യാത്മീകതയ്ക്ക് ലഭിച്ച വിലപ്പെട്ട സംഭാവനയാണ്. ഈ കൃതി തന്നെയാണ് അദ്ദേഹത്തിന് ക്ലീമാക്കസ് (Lat-കോവേണിപ്പടിക്കാരൻ) എന്ന വിശേഷണം സമ്മാനിച്ചത്. സ്വർഗ്ഗത്തെയും ഭൂമിയെയും തമ്മിൽ ബന്ധിപ്പിക്കുന്ന ഈ കോവണി വിശുദ്ധൻ വിശുദ്ധിയിൽ വളരുവാനുള്ള മാർഗ്ഗമാണ്.

## ദർശന ഹേതു

ഹാരാനിലേക്ക് പോകുന്ന വഴിയിൽ ലൂസിൽ വച്ച് യാക്കോബിന് ദൈവം കാണിച്ചുകൊടുത്ത കോവണിയാണ് ക്ലീമാക്കസിന്റെ ദർശനത്തിനുമാധാരം. "അവൻ (യാക്കോബ്) ഒരു സ്വപ്നം കണ്ടു. ഇതാ, ഭൂമിയിൽ വെച്ചിരിക്കുന്ന ഒരു കോവണി അതിന്റെ തല സ്വാർഗ്ഗത്തോളം എത്തിയിരുന്നു. ദൈവത്തിന്റെ ദൂതന്മാർ അതിന്മേൽ കൂടി കയറുകയും ഇറങ്ങുകയുമായിരു (ഉല്പ. 28 12) അതിന്മീതെ നിന്നുകൊണ്ടാണ് അദൃശ്യനായ ദൈവം യാക്കോബിനോട് അരുളിചെയ്തത്. യാക്കോബ് കണ്ടതായ കോവണി ദൈവസന്നിധിയിലേക്കുള്ള അനന്തമായ ആത്മീയ യാത്രയുടെ പ്രതീകമാണ്. ദൈവം കാണിച്ചുകൊടുത്ത കോവണിയുടെ ഓരോ പടികളും വിശ്വാസിക്ക് വിശുദ്ധിയിൽ പ്രയാണം ചെയ്യുവാനുള്ള മാർഗ്ഗമായിരുന്നു.

## സ്വർഗ്ഗവും ഭൂമിയും ബന്ധിപ്പിക്കുന്ന കോവണി

ഈ കോവണി ദൈവത്തിന്റെ മനുഷ്യാവതാരത്തിന്റെയും പ്രതീകമാണ്. കോവണിയുടെ മീതെ സ്വർഗ്ഗോന്നതികളിൽ ഇരുന്ന് അരുളി ചെയ്യുന്ന അദൃശ്യവാനായ ദൈവം ഭൂമിയിലേക്ക് ഇറങ്ങിവന്ന് മനുഷ്യന് ദൃശ്യനായി തീർന്നിരിക്കുന്നു. അതാണ് മനുഷ്യാവതാരത്തിൽ സംഭവിച്ചത് സ്വപ്നവും സങ്കല്പവുംമായിരുന്ന കോവണി. മനുഷ്യന് യാഥാർത്ഥ്യമായി മാറിരിക്കുന്നു. ലോകത്തിന്റെ (പ്രപഞ്ചത്തിന്റെ) സമൂലമായ ശുദ്ധീകരണമാണ് മനുഷ്യാവതാരത്തിൽ നടന്നത്. നീ മുഖാന്തിരവും നിന്റെ സന്തതി (യേശുക്രിസ്തു) മുഖാന്തിരവും ഭൂമിയിലെ സകലവംശങ്ങളും അനുഗ്രഹിക്കപ്പെടും" (ഉല്പ. 28:14) എന്ന് അരുളി ചെയ്തവൻ, സ്വർഗ്ഗവാതിൽ തുറന്ന് 'സ്ത്രീയുടെ സന്തതി'യായി ലോകത്തിലേക്ക് വന്നു. ഘോരസർപ്പത്തിന്റെ തലയെ ചതച്ച് ഭൂമിയിലെ മനുഷ്യമക്കൾക്ക് സ്വർഗ്ഗത്തിലേക്ക് കരേറുവാനുള്ള മാർഗ്ഗം കാണിച്ചുകൊടുത്തു. വഴിയും സത്യവും ജീവനുമാകുന്നു ക്രിസ്തു തന്നെയായിരുന്നു ഈ മാർഗ്ഗം. മനുഷ്യ



നെ സ്വർഗ്ഗത്തിലേക്ക് കരേറുവാൻ താൻ തെരഞ്ഞെടുത്ത കോവണി 'ഭൂമിയിൽ നാട്ടപ്പെട്ട' മരക്കുരിശായിരുന്നു. മരക്കുരിശ് മുഖാന്തിരം താൻ സ്വർഗ്ഗം തുറക്കുകയും മനുഷ്യപുത്രന്റെ അടുക്കലേക്ക് ദൈവദൂതന്മാർ കരേറുകയും ഇറങ്ങിവരുകയും ചെയ്തു. (യോഹ. 1 51) അതുകൊണ്ടാണ് വിശുദ്ധിയുടെ പാതായെ 'ക്രൂശിന്റെ പാത' എന്ന് വിശേഷിപ്പിക്കുന്നത്.

## ദർശന പരിചയം

ക്ലീമാക്കസ് രചിച്ച 'കോവണി' മുപ്പത് പടികളാൽ തീർക്കപ്പെട്ടിരിക്കുന്നു. ക്ലീമാക്കസിന്റെ മുപ്പതു പടികളുടെ ദർശനം ഒരു ദൈവശാസ്ത്ര ദർശനം എന്നതിലുപരി, ആദ്ധ്യാത്മീക ജീവിതത്തെപടുത്തുയർത്തുവാനും വിശുദ്ധിയിലുള്ള പ്രയാണത്തെ സമ്പുഷ്ടമാക്കുവാനും ഏറെ സഹായകരമാണ്. ഓരോ സുകൃതങ്ങൾ കൊണ്ടുമാണ് ഓരോ പടികളും മെനഞ്ഞെടുത്തിരിക്കുന്നത്. ഭക്തൻ ഓരോ പടികളും ചവിട്ടികയറുമ്പോൾ മാത്രമാണ് അതിനു മുകളിലുള്ള പടിയെക്കുറിച്ച് ശരിയായ അവബോധം ഉണ്ടാകുന്നത്. സുകൃത ജീവിതത്തിന്റെ പടിപടിയായ പുരോഗതിയെ പ്രതിഫലിപ്പിക്കുവാൻ ഓരോ പടിയും പര്യാപ്തമാണ്. ഓരോ പടി മുകളിലോട്ട് കയറുമ്പോഴും കൂടുതൽ കൂടുതൽ ശ്രദ്ധയും ജാഗ്രതയും പാലിക്കേണ്ടത് അത്യാവശ്യമാണ്. കാരണം മുകളിൽ നില്ക്കുന്ന വിശുദ്ധനെ സാത്താൻ താഴെ നിന്ന് താഴേക്ക് അതിശക്തിയോടെ ആകർഷിച്ചുകൊണ്ടിരിക്കുന്നു. ഓരോ പടികൾ കടന്ന് മുകളിലോട്ട് കയറുമ്പോഴും വീഴുവാനുള്ള സാദ്ധ്യത ഏറുന്നു. അതിലുപരിയായി വീഴുമ്പോഴുള്ള വീഴ്ചയും ആക്കവും വേദനയും വർദ്ധിക്കുന്നു.

## കോവണിയിലെ പടികളുടെ വിശകലനം

ക്ലീമാക്കസ് പരിചയപ്പെടുത്തുന്ന മുപ്പതുപടികളിൽ ആദ്യത്തെ മൂന്നു പടികൾ വിശുദ്ധന്റെ ലോകവുമായുള്ള വിഛേദനത്തെ സൂചിപ്പിക്കുന്നു.

### 1. ജീവപരിത്യാഗം (Renunciation of life)

കോവണിയുടെ ഒന്നാമത്തെ പടി ആരംഭിക്കുന്നത്

ജീവപരിത്യാഗത്തിലാണ്. മൂന്നു രീതിയിലുള്ള പരിത്യാഗത്തെക്കുറിച്ച് ഇതിൽ പരാമർശിക്കുന്നു.

### 2. ബന്ധങ്ങളുടെ പരിത്യാഗം

ഭൂമിയിൽ മാനുഷീക ബന്ധങ്ങൾ അനിവാര്യമെങ്കിലും അവ ബന്ധനങ്ങളാകുവാൻ സാദ്ധ്യതയുണ്ട്. ദൈവീകബന്ധത്തിന് മുമ്പിൽ മാനുഷീക ബന്ധങ്ങൾ ബന്ധനങ്ങളാകരുത് എന്ന് യേശുതമ്പുരാൻ പഠിപ്പിക്കുന്നു. "എന്നെ അനുഗമിപ്പാൻ ഒരുത്തൻ ഇച്ഛിച്ചാൽ അവൻ തന്നെത്താൻ നിഷേധിച്ച്. നാൾതോറും തന്റെ ക്രൂശ് എടുത്തുംകൊണ്ട് എന്നെ അനുഗമിക്കട്ടെ. ആരെങ്കിലും തന്റെ ജീവനെ രക്ഷിപ്പാൻ ഇച്ഛിച്ചാൽ അതിനെ കളയും, എന്റെ നിമിത്തം ആരെങ്കിലും തന്റെ ജീവനെ കളഞ്ഞാലോ അതിനെ രക്ഷിക്കും" (ലൂക്കോ. 9:23,24). ലോകം, താതർ, സഹോദരർ, ജാതി, തറവാട് ഇവ എല്ലാററിലുപരി ദൈവീകബന്ധത്തിന് മുൻതൂക്കം നല്കുമ്പോൾ മാത്രമാണ് ക്രൂശിന്റെ പാതയിലുള്ള സ്നേഹജയജീവിതം ആരംഭിക്കുന്നത്.

### 2 സ്വാർത്ഥപരമായ ഇച്ഛാശക്തിയുടെ പരിത്യാഗം

മനുഷ്യനെ നിയന്ത്രിക്കുന്നത് സ്വന്തമായ ഇച്ഛാശക്തി (Self will) ആണ്. സ്വന്തമായ ഇച്ഛാശക്തി മിക്കപ്പോഴും സ്വാർത്ഥതയുടെ കലർപ്പ് ഏറിയതാണ്. സ്വാർത്ഥതയെ ഇച്ഛാശക്തിയിൽ നിന്ന് വേർപിരിക്കണം. 'സ്വന്തനന്മമാത്രം' സ്വാർത്ഥമായ ഇച്ഛാശക്തി മനുഷ്യനെ ഉപദേശിക്കുന്നു. എന്നാൽ സ്വന്ത നന്മയേക്കാളുപരി ലോകനന്മയ്ക്കുവേണ്ടി പ്രവർത്തിക്കുവാനും അതിൽ ആനന്ദം കണ്ടെത്തുവാനും നിസ്വാർത്ഥമായ ഇച്ഛാശക്തി നമ്മെ പ്രാപ്തരാക്കും.

### സ്വയം പ്രശംസയുടെ പരിത്യാഗം.

സ്വാർത്ഥതയുടെ മറെറാരു രൂപവും ഭാവവുമാണ് സ്വയം(ആത്മ)പ്രശംസയിൽ കാണുവാൻ കഴിയുക. മനുഷ്യൻ ഏററവും കൂടുതലായി ആഗ്രഹിക്കുന്നത് മററുള്ളവരിൽ നിന്നും പ്രശംസാ വചസ്സുകൾ ലഭിക്കുവാനാണ്. മനുഷ്യൻ ഏററവും



കൂടുതലായി കുരുങ്ങുന്നതും സ്വയം പ്രശംസ എന്ന ചൂണ്ടലിലാണ്. ഓരോ പ്രവൃത്തിയും ചെയ്യുന്നതിനു മുൻപും മനുഷ്യൻ ശ്രദ്ധിക്കുന്നത് അതിൽ കൂടി തനിക്ക് ലഭിച്ചേക്കാവുന്ന ലാഭനഷ്ടങ്ങളാണ്. സ്വയ പരിത്യാഗത്തിന് പരമമായ ഉദാഹരണം കാണുവാൻ കഴിയുന്നത് ക്രിസ്തുവിലാണ്. ദൈവ രൂപത്തിൽ ദൈവമായി വാണരുളേണ്ടവൻ മനുഷ്യനായി ജനിച്ചു. മനുഷ്യനായി ജീവിച്ചു. നാൻസിയാൻഡിലെ വി. ഗ്രീഗോറിയോസ് പറയുന്നു. "പർവ്വതങ്ങളെ കൈയ്യിൽ ഏന്തുന്ന ബലവാൻ, ബലഹീനനായി പുൽക്കൂട്ടിൽ ജനിച്ചു. അവൻ പ്രവർത്തിച്ചു – മരപ്പണിക്കാരനായി, അതിലുപരി മനുഷ്യരെ ശുശ്രൂഷിക്കുന്ന വലിയ ശുശ്രൂഷക്കാരനായി ശുശ്രൂഷയിലും, സഹനത്തിലും ത്യാഗത്തിലും യാഗത്തിലും ആനന്ദം കണ്ടെത്തിയ ദൈവപുത്രൻ എന്റെ ശരീരം ധരിച്ചു. അതിനാൽ അവന്റെ മഹിമയേറിയ ദൈവരൂപം എനിക്ക് നല്കപ്പെട്ടു. സമ്പൂർണ്ണനായവൻ സ്വയം വെറുമയാക്കി, അവന്റെ പൂർണ്ണതയിൽ എന്നെയും പങ്കാളിയാക്കി" (1)

നശ്വരമായ ലോകത്തിന്റെ നശ്വരമായ പ്രശംസയ്ക്കായി മനുഷ്യന്റെ ആത്മാവും മനസ്സും പരക്കം പായുന്നു. ആത്മാവിനെയും മനസ്സിനെയും നശ്വരമായ ലോകത്തിൽ നിന്ന് പിഴുതെടുത്ത് അനശ്വരമായ ലോകത്തിൽ നട്ടുപിടിപ്പിക്കണം. അനുസ്യൂതമുള്ള സാധന ഈ പിഴുതുനടലിന് അത്യാവശ്യമാണ്. വി. മാമോദീസയാൽ ലോകത്തിന് മരിച്ച് ദൈവത്തിന് ജീവിക്കുന്ന ക്രിസ്ത്യാനി സ്വാർത്ഥതയുടെ നിഗ്രഹത്തിൽ കൂടി ദൈവീക ജീവന്റെ പരിവാഹകരായി തീരുന്നു.

### 2. നിർമുക്തത (Detachment from world)

ലോകം ആകർഷകമാണ്. ആകർഷകമായ ലോകത്തോടും ലോകത്തിന്റെ വിഭവങ്ങളോടും, വിഷയങ്ങളോടും പററിച്ചേർന്നിരിക്കാനുള്ള താല്പര്യം മനസ്സും പഞ്ചേന്ദ്രിയങ്ങളും പ്രദർശിപ്പിക്കാറുണ്ട്. മനസ്സിന്റെയും ആത്മാവിന്റെയും ഈ താല്പര്യത്തിനാണ് ആ

ശാപാശം (attachment) എന്ന് പറയാറുള്ളത്. ലോകത്തേയും, ലോകത്തിലുള്ളതിനെയും സ്നേഹിക്കരുത്. ഒരുവൻ ലോകത്തെ സ്നേഹിക്കുന്നുവെങ്കിൽ അവനിൽ പിതാവിന്റെ സ്നേഹം ഇല്ല.'' (1 യോഹ. 2:15) തീയ്ക്കടുത്ത വി. ഇഗ്നാത്തിയോസ് റോമിലെ സഭയ്ക്കെഴുതുന്നത് ശ്രദ്ധിക്കുക. ''ദൈവത്തിലുള്ള എന്റെ പ്രത്യാശയെ മറിച്ചുകളവാനും എന്റെ മേൽ പിടി മുറുക്കുവാനും ഈ ലോകപ്രമാണി വ്യാമോഹിക്കുന്നു. നിങ്ങൾ അവന് കൂട്ടുനില്ക്കരുത്. ദൈവത്തിന്റെ പക്ഷത്തു നില്ക്കുന്ന എന്നോട് ചേർന്നുകൊൾവിൻ. അധരങ്ങളിൽ യേശുക്രിസ്തുവും ഹൃദയങ്ങളിൽ ജഡാഭിലാഷവും എന്ന് വരരുത്. അസൂയ നിങ്ങളിൽ വാഴരുത്............എന്റെ ലൗകികാഭിലാഷങ്ങൾ ക്രൂശിക്കപ്പെട്ടിരിക്കുന്നു. ഭൗതീകത എന്നെ വേട്ടയാടുന്നില്ല. പ്രപഞ്ച പ്രലോഭനങ്ങളുടെ നേരിയ പൊടി പോലും ഇന്നെനിക്കവശേഷിക്കുന്നില്ല. എന്റെ ഉള്ളിൽ ജീവജലത്തിന്റെ പതിഞ്ഞ ശബ്ദം മാത്രം ഞാൻ കേൾക്കുന്നു. 'പിതാവിലേക്ക് വരിക' നശ്വരമായ ഭക്ഷണവും ജീവിതത്തിന്റെ സുഖാനുഭൂതികളും എന്നെ അല്പവും പ്രലോഭിപ്പിക്കുന്നില്ല ദൈവത്തിന്റെ അപ്പമാണ് എന്റെ ലക്ഷ്യം. ദാവീദിന്റെ സന്തതിയായ യേശുക്രിസ്തുവിന്റെ ശരീരമാണ് ആ അപ്പം. അവൻ ചൊരിഞ്ഞ രക്തം എനിക്ക് പാനം ചെയ്യണം. അതത്രേ അനശ്വര ''പ്രേമം'' (2) നിർമുക്തത എന്ന് പറയുമ്പോൾ, താല്പര്യമുള്ള വിഷയങ്ങളിൽ മനസ്സിന് ഒട്ടിപ്പിടിക്കുവാനുള്ള താല്പര്യം വിട്ട് പ്രലോഭനങ്ങളിൽ നിന്ന് മുക്തിനേടി, നാഥന്റെ കുരിശെടുക്കുന്നതിൽ മാത്രം ആനന്ദം കണ്ടെത്തുക എന്നതാണ് ഉദ്ദേശിക്കുന്നത്.

## 3. പ്രവാസം (Exile)

പ്രവാസം ലോകത്തിൽ നിന്നും ,ലോകയാഥാർത്ഥ്യങ്ങളിൽ നിന്നുമുള്ള ഒളിച്ചോട്ടമല്ല. മറിച്ച് ലോകശക്തികളെ കൂടുതൽ കരുത്തോടെ അഭിമുഖീകരിക്കുവാനുള്ള ഒരു തയ്യാറെടുപ്പാണ് സാത്തന്റെ അധിവാസ കേന്ദ്രങ്ങളായ മരുഭൂമികളിലും ഗുഹകളിലും മററും ഏകാന്തവാസം നടത്തി തപസ്സനുഷ്ഠിച്ച പിതാക്കന്മാരുടെ ജീവചരിത്രം പഠിക്കുമ്പോൾ മരുഭൂമിയിലെ അവരുടെ പ്രവാസം ഒളിച്ചോട്ടമായിരുന്നില്ല. പ്രത്യുത സാത്താന്റെ താവളങ്ങളിലേക്ക് കടന്നുചെന്നുള്ള പോരാട്ടമായിരുന്നു എന്ന് മനസ്സിലാകും. സാത്താന്റെ ശക്തികളോട് പോരാടുവാനുള്ള വേദിയായി പ്രവാസ ജീവിതത്തെ ചിത്രീകരിക്കുന്നു. സാത്താന്യ ശക്തികളെ വെല്ലുവിളിച്ചുകൊണ്ട് അതിന്റെ അധിവാസ കേന്ദ്രമായ ഒരു ശവകുടീരത്തിലേക്ക് ഏകനായി കടന്നുചെന്ന സർവ്വസംഗ പരിത്യാഗിയായിരുന്ന അന്തോനിയോസ് തന്നെ അക്രമിക്കാനായി അടുത്തുവന്ന് പിശാചുക്കളോട് പരിഹാസസ്വരത്തിൽ പറയുന്നു. ''നിങ്ങൾ ശക്തന്മാരായിരുന്നെങ്കിൽ എന്നെ ആക്രമിക്കാൻ നിങ്ങളിൽ ഒരുത്തൻ വന്നാൽ മതിയായിരുന്നു. എന്നാൽ ദൈവം നിങ്ങളുടെ ശക്തി എടുത്തു കളഞ്ഞിരിക്കുന്നു. അതിനാൽ നിങ്ങൾ വളരെപ്പേർകൂടി എന്റെ മനസ്സിന്റെ നില തെററിക്കാൻ സാധിക്കുമോ എന്ന് പരീക്ഷിച്ചു നോക്കുകയാണ്. നിങ്ങൾ ജന്തുക്കളുടെ ആകൃതികളെ അനുകരിക്കാൻ ശ്രമിക്കുന്നത് നിങ്ങളുടെ നിസ്സഹായതയ്ക്കു തെളിവാണ്. നിങ്ങൾക്ക് കഴിയുമെങ്കിൽ എനിക്കെതിരായി നിങ്ങൾ അധികാരം നേടിയിട്ടുണ്ടെങ്കിൽ ഒട്ടും താമസിക്കണ്ട, ഉടൻ എന്നെ ആക്രമിക്കൂ. നിങ്ങൾക്ക് അതിനു കഴിവില്ലെങ്കിൽ ഒരുപയോഗവുമില്ലാതെ എന്തിന് വിഷമിക്കുന്നു? എന്തെന്നാൽ കർത്താവിലുള്ള വിശ്വാസം ഞങ്ങൾക്ക് ഒരു മുദ്രയും സുരക്ഷിതത്വത്തിന്റെ ഭിത്തിയുമാകുന്നു. (3) പരിശുദ്ധന്മാരെ കരുപിടിപ്പിക്കുന്ന മൂശയായിരുന്നു അവരുടെ പ്രവാസ ജീവിതം എന്ന് പരിശുദ്ധമാരുടെ ജീവിതം നമ്മോട് സാക്ഷിക്കുന്നു.

Bibliography:

(1) Gregory of Nanzlansw On The Theophany N. P. N. F. Vol. 7 P. 349

(2) ഫാ. ജോസഫ് ചീരൻ മാർ ഇഗ്നാത്തിയോസിന്റെ സപ്തലേഖനങ്ങൾ (സ്വ. വിവർത്തനം) P. 27 ബഥേൽ പബ്ലിക്കേഷൻസ്, പരിയാരം.

(3) St. Athanasius : Life of Antony N. P. N. F Vol. 6 P: 210

(തുടരും)

Statement about Ownership and Other Particulars about

"Bethel Pathrika"

Form IV (See Rule 8)

| | | |
|---|---|---|
| 1 | Place of Publication | — Chengannur |
| 2 | Periodicity of the Publication | — Monthly |
| 3 | Printers Name | — Fr. P. G. George |
| | (Whether Citizen of India) | — Yes |
| | Address | — Bethel Aramana, Chengennur |
| 5 | Editor's Name | — Fr. P. G. George |
| | Whether Citizen of India) | — Yes |
| | Address | — Bethel Aramana Chengannur |
| 6 | Name and Address of the individual who owns the News Paper | — H. G. Thomas Mar Athanasios — Metropolitan Diocesan Bishop Bethel Aramana Changannur, |

I, Fr. P. G. George, here by declare that the particulars given above are true to the best of my Knowledge and belief

Chenagannur,
15-2-1995

Sd.
Publisher



# ഇരുളും നിഴലും

ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ

കമ്മററിയും പൊതുയോഗവും തലവേദന സൃഷ്ടിക്കുന്ന വേദികളായി മാറുന്നു. ഏതു മേഖലയിലും സ്ഥിതി ഇതുതന്നെ! സഭയിലും ഇതു കഠിനതരമാകുന്നു.

ഇത്തരം വേദികളിൽ ജീവൻ നൽകിയും പോരാടാൻ സമർപ്പണം ചെയ്തവരുണ്ട് എത്ര ഉന്നതതല വേദിയാണെങ്കിലും വാക്കേററവും തർക്കവും വേണ്ടിവന്നാൽ കയ്യാങ്കളിയും നടത്തുവാനും മടികാണിക്കാറില്ല. ഇവിടെയാണു.

'കമ്മററിയിൽ നിന്നും പൊതുയോഗത്തിൽ നിന്നും ഞങ്ങളെ രക്ഷിക്കണമെ' എന്നു പ്രാർത്ഥിക്കേണ്ടിവരുന്നത് കമ്മററിയും പൊതുയോഗവും സജ്ജീവമായ ആശയവിനിമയ കേന്ദ്രങ്ങളാണ് അവ ക്രിയാത്മകവും അർത്ഥസമ്പുഷ്ടവുമായ രീതിയിൽ പ്രയോജനപ്പെടുത്തണം.

സാമൂഹ്യപരമായ ബന്ധങ്ങളിൽ സജ്ജീവതം പുലർത്തുന്നവർ അനിതരസാധാരണമായ പ്രാഭവം മുഴക്കുവാൻ ശ്രമിക്കും. ചിലർ അതിവാചാലമായ വാഗ്ധോരണി മുഴക്കി ശ്രോതാക്കളെ ദുരൂഹതയിലേക്ക് എത്തിക്കും. ഇത് വ്യക്തമായ ചിന്തയുടെ അഭാവമാണ്. പറയേണ്ട കാര്യങ്ങൾ മനസ്സിൽ ക്രോഡീകരിക്കാതെ തട്ടിവിടുമ്പോഴാണു അർത്ഥഭംഗവും ആശയവൈരുദ്ധ്യവും സംഭവിക്കുന്നത്. പറയുന്നതൊന്ന് കേൾക്കുന്നത് മറെറാന്ന്– ആശയങ്ങളെ വളച്ചൊടിച്ച് വിരൂപപ്പെടുത്തി വ്യാഖ്യാനിച്ച് സങ്കീർണ്ണത സൃഷ്ടിക്കുന്നവരുമുണ്ട്, ശ്രോതാക്കളായി എല്ലാം ഹൃദയത്തിൽ സംഗ്രഹിച്ച് യോഗാനന്തരം ഉഗ്രൻ വാചക കസർത്തു നടത്തുന്നവർ വേറെയും. ഇങ്ങനെ എത്രയോ മുഖങ്ങളാണീ സംഗമ വേദിക്കുള്ളത്.

വ്യത്യസ്ത ചിന്തകളും ദർശനങ്ങളും ക്രോഡീകരിച്ച് പ്രയോജനപ്രദമായ രീതിയിൽ ആവിഷ്ക്കരിക്കാൻ ഇത്തരം വേദികൾ പ്രയോജനപ്പെടുത്തണം.

## 1. പങ്കാളിത്തം

ക്രിയാത്മകമായ പങ്കാളിത്തമാണു പ്രവർത്തനങ്ങ

ളുടെ വിജയം. അംഗങ്ങളുടെ നിഷ്ക്രിയത്വം യാന്ത്രികതയിലേക്ക് നയിക്കപ്പെടും. നൂതനപദ്ധതികൾ സംഘടിക്കുവാൻ കഴിയാതെവരും. ഉചിതമായ ചിന്തകളും നിഗമനങ്ങളുമായി ഇത്തരം വേദികളിൽ അംഗങ്ങൾ പങ്കെടുക്കുവാൻ ബാധ്യസ്ഥരാണ്. ഉദ: മിക്ക ഇടവക യോഗങ്ങളിൽ നിന്നും ഭൂരിഭാഗവും വിട്ടുനിൽക്കുന്നു. ചോദിച്ചാൽ പ്രാർത്ഥിക്കാൻ മാത്രമാണു പള്ളിയിൽ വരാറുള്ളത് എന്നാവും മറുപടി ഇതുമൂലം ഒരു ന്യൂനപക്ഷമാണ് ഇടവകയുടെ തീരുമാനങ്ങളിൽ നിർണ്ണായക പങ്കാളിത്തം വഹിക്കുന്നത്.

ഇവിടെ തികച്ചും പൂർണ്ണമായ പങ്കാളിത്തം സ്ഥാപിക്കേണ്ടതുണ്ട്............?

മിക്കവേദികളിലും ആദ്യം പറയുന്ന ആൾ അവസാനം വരെയും ഒരു വിഷയത്തെക്കുറിച്ച് വാതോരാതെ സംസാരിക്കും. ഒരു സമയത്ത് ഒരാൾ സംസാരിക്കുകയും, ഒരു വിഷയത്തെക്കുറിച്ച് ഒന്നിലധികം പ്രാവിശ്യം സംസാരിക്കാതിരിക്കുകയും വേണം. യോഗത്തിൽ പങ്കെടുക്കുന്ന എല്ലാവർക്കും പങ്കാളിത്തം ലഭിക്കണമെല്ലൊ ആശയങ്ങൾ അവതരിപ്പിക്കുന്നതിനുള്ള 'കഴിവു' എല്ലാവർക്കും ഒരു പോലെയല്ല. അതിനാൽ മററുള്ളവരെ പറയുവാൻ അനുവദിക്കുകയും അവ സഹിഷ്ണതയോടെ ശ്രദ്ധിക്കുകയും ചെയ്യണം. യോഗങ്ങളിൽ പങ്കെടുക്കുമ്പോൾ കൃത്യ സമയത്തു ഹാജരായി വിഷയങ്ങൾ വേണ്ട വിധം പഠിച്ച് അവതരിപ്പിക്കുവാനും ശ്രദ്ധിക്കണം. ആശയ വിനിമയത്തിൽ തുല്യപങ്കാളിത്തം (Equal Participation) സജീവത്വം സൃഷ്ടിക്കുന്നു.

## 2 വ്യക്തമായ വിഷയങ്ങൾ

വിവിധതരത്തിലുള്ള വിഷയങ്ങൾ അവതരിപ്പിച്ച് അഭിപ്രായങ്ങൾ സ്വരൂപിച്ച് തീരുമാനത്തിലേക്ക് എത്തുന്നതിനുള്ള വേദികളാണല്ലൊ കമ്മററിയും, പൊതുയോഗവും. അജൻഡാ നേരത്തെ ലഭ്യമാകുന്നെങ്കിൽ(?) ഓരോരുത്തരും അതിലുള്ള വിഷയങ്ങൾ വേണ്ട രീതിയിൽ പഠിച്ച് പ്രശ്നങ്ങളും പ്രതിവിധികളുമായി എത്തി ചർച്ചയെ സജീവമാക്കണം. പ്രാതിനിധ്യ സ്വഭാവമുള്ളതിനാൽ കമ്മററിക്കാർ



പ്രാദേശിക അഭിപ്രായങ്ങൾ കൂടി സ്വരൂപിക്കാവുന്നതാണ്. വിഷയം ഉന്നയിക്കുമ്പോൾ സാധ്യമായ പ്രതിവിധികളും (Possible Solutions) നൽകണം. എല്ലാവർക്കും സുഗ്രാഹ്യമാകുന്ന രീതിയിൽ ആശയങ്ങൾ പങ്കുചെയ്യണം. ആശയങ്ങൾ അവ്യക്തമാകുമ്പോൾ കൂടുതൽ ചോദ്യങ്ങൾ ഉന്നയിക്കും.

രോക്ഷത്മകമായി വിഷയത്തെ സമീപിക്കരുത്. ചില ചോദ്യങ്ങളിൽ പല ഉപചോദ്യങ്ങൾ അടങ്ങിയിരിക്കും. ഇവ സശ്രദ്ധം ഉൾക്കൊണ്ട് ക്ഷമാപൂർവ്വം ഓരോന്നിനും പ്രത്യേകം പ്രത്യേകമായി വ്യക്തമായ ഉത്തരം നൽകണം. ക്രോധത്തിന്റെയും രോക്ഷത്തിന്റെയും ആത്മാവിനെ പുറന്തള്ളി പുഞ്ചിരിക്കുന്ന മനോഭാവം ഉണ്ടാകണം. എങ്കിലെ ഒരു വിഷയത്തേയും വസ്തുനിഷ്ഠമായ രീതിയിൽ സമീപിക്കുവാൻ കഴിയൂ. 'വിഷയത്തിന്റെ വ്യക്തത' ചർച്ചയിൽ പങ്കെടുക്കുന്നവർ സ്പഷ്ടമായും മനസ്സിലാക്കണം.

## 3 വിട്ടുവീഴ്ചാ മനോഭാവം

ഏതൊരു വേദിയിലും വ്യത്യസ്തമായ വ്യക്തിത്വവും മനോഭാവവും ഉള്ളവരുണ്ടാകും. സംസാരത്തിലും അഭിപ്രായ പ്രകടനങ്ങളിലും അവ നിഴലിക്കും. ഇവ ചിലപ്പോൾ മററുള്ളവരുടെ ചിന്തകൾക്ക് വിരുദ്ധവുമാകും. എന്നാൽ ഒന്നിച്ചെത്തുന്ന വേദികളിൽ സങ്കീർണ്ണതയും പ്രശ്നങ്ങളും സൃഷ്ടിക്കുന്ന സമീപനത്തിലേക്ക് നീങ്ങരുത്. അനിഷേധ്യമായ മനോഭാവം എല്ലാവരുടേയും ഭാഗത്തുണ്ടാകണം. വിട്ടുവീഴ്ചാ മനോഭാവവും ഉണ്ടാകണം.

ചിലർ പെട്ടന്നു പൊട്ടിത്തെറിക്കും. മററു ചിലർ വളരെ ക്രോധത്തോടെ മാത്രമെ സംസാരിക്കൂ. വിരുദ്ധമായ ആശയങ്ങളുമായി മാത്രം സമീപിക്കുന്നവരുമുണ്ട്. ഇങ്ങനെയുള്ള എല്ലാവരെയും കോർത്തിണക്കുവാൻ ഓരോരുത്തരും ശ്രദ്ധാലുക്കളാകണം. എന്തിനെയും എതിർക്കുന്നത് വളരെ നിഷേധാത്മകമാണ്. പ്രശ്നങ്ങളെ വസ്തുതമായ രീതിയിൽ (Positive approach) സമീപിക്കണം. മററുള്ളവർക്ക് പറയുവാൻ അവസരം നൽകണം. ആശയങ്ങൾക്കുപരി 'വ്യക്തികളെ എതിർക്കുന്ന'

സമീപനം ഉണ്ടാകരുത്. അഭിപ്രായങ്ങൾ പറയുമ്പോൾ ഉചിതമായ ഭാഷയെ സ്വീകരിക്കാവൂ. വക്രോക്തി നിറഞ്ഞതും ദ്വയാർത്ഥവും (Double - Meaning) ജുഗുപ്സ പരത്തുന്ന ആഭാസ ശൈലി (Vulgarism) യും ഒരിക്കലും ഉണ്ടാകരുത്. പരസ്പരം ബഹുമാനത്തോടെ പ്രതികരിക്കുവാൻ ശ്രദ്ധിക്കണം. ആശയ പ്രകടനങ്ങളിൽ സ്വാർത്ഥതാ മനോഭാവം നിഴലിക്കരുത്.

## 4 ജനാധിപത്യ സ്വഭാവം

അഭിപ്രായങ്ങൾ സ്വരൂപിച്ച് ഉചിതമായത് സ്വീകരിക്കുന്ന വേദികളിൽ ജനാധിപത്യ സ്വഭാവമാണുള്ളത്. ഒരിക്കലും സേഛാധിപത്യ ശൈലിയെ പ്രോത്സാഹിപ്പിക്കരുത്. ഇത് ചിലപ്പോൾ വ്യക്തികളിലും അധികാരികളിലും പ്രകടമാകും.

'ഞാൻ ചിന്തിക്കുന്ന രീതിയിൽ എല്ലാവരും ചിന്തിക്കണം.

എന്റെ ചിന്തയാണു ശരി,

ഞാൻ പറയുന്നത് അംഗീകരിച്ചാൽ എന്താണു കുഴപ്പം... ഇങ്ങനെ ചിന്തിക്കുന്നവരും ഇല്ലാതില്ല. സ്വാർത്ഥമായ ചിന്തകൾ ഇവരുടെ ആശയങ്ങളിൽ കുടുങ്ങിയിരിക്കുന്നത്. സൂക്ഷ്മ പരിശോധനയിൽ കണ്ടെത്താവുന്നതാണു.

കമ്മററിയും പൊതുയോഗവും ഒരു ദിശയിലേക്കു.(one-way) മാത്രമുള്ള വിനിമയ പ്രക്രിയയാകരുത്. ആശയങ്ങൾ പരസ്പരം നൽകുകയും സ്വീകരിക്കുകയുമാണ്. ഇവ അർത്ഥവത്തായ ചിന്തകളായിരിക്കണം. തീരുമാനങ്ങളിൽ ഐകൃതയുണ്ടാകണം. ചുമതലകൾ പരസ്പരം പങ്കിടുകയും പൂർണ്ണ ഉത്തരവാധിത്വത്തോടെ ചെയ്യുകയും വേണം. ഓരോരുത്തരും പുതിയ ചിന്തകളും അഭിപ്രായങ്ങളും സംഭാവന ചെയ്യണം. പൊതുവിന്റെ നന്മയെ ലക്ഷ്യമാക്കിയുള്ള പ്രവർത്തന സരണികളിൽ ജനാധിപത്യ സ്വഭാവം ഉണ്ടാകണം.

## 5 പര്യാപ്തനായ അദ്ധ്യക്ഷൻ

ഏതൊരു യോഗത്തിനും അദ്ധ്യക്ഷൻ ഉണ്ടാകും. അദ്ധ്യക്ഷനു യോഗ



ത്തെ നിയന്ത്രിക്കുവാനും നയിക്കുവാനുമുള്ള ഉത്തരവാധിത്വമാണുള്ളത്. സജ്ജീവമായ ചർച്ചകൾ 'കാടുകയറുമ്പോൾ' നിയന്ത്രിക്കുകയും വിവിധങ്ങളായ അഭിപ്രായങ്ങളെ ക്രോഡീകരിച്ച് സംക്ഷിപ്തമായി എല്ലാവർക്കും വ്യക്തമാകത്തക്ക രീതിയിൽ അവതരിപ്പിക്കുകയും വേണം. അദ്ധ്യക്ഷൻ അശ്രദ്ധയും ഉദാസീനതയും കാട്ടിയാൽ കാര്യമായ ചർച്ചകൾ ഉണ്ടാകുകയില്ല. തീരുമാനങ്ങളും അഭിപ്രായങ്ങളും 'യോഗത്തിൽ' നിന്നാണുണ്ടാകേണ്ടത്. അതിനുള്ള സ്വാതന്ത്ര്യവും അവകാശവും നൽകണം. എന്നാൽ പരസ്പരം അഭിസംബോധന ചെയ്യുന്നതും വ്യക്തിപരമായ പരാമർശങ്ങൾ നടത്തുന്നതും ഒഴിവാക്കുവാൻ ശ്രമിക്കണം. രൂക്ഷത മുറുകി നിൽക്കുമ്പോൾ സന്ദർഭോചിതമായ ഉപദേശങ്ങൾ നൽകി സദസ്സിനെ ശാന്തമാക്കണം.

അദ്ധ്യക്ഷൻ സ്വന്തം തീരുമാനങ്ങളും ആശയങ്ങളും സദസ്സിനെ അടിച്ചേൽപ്പിക്കുവാൻ ശ്രമിക്കരുത്. ആധിപത്യ (Authoritarian) സ്വഭാവം പൂർണ്ണമായും ഇല്ലാതാകണം. അംഗങ്ങൾക്ക് എല്ലാം അഭിപ്രായം പറയുവാനും അവരുടെ തീരുമാനങ്ങൾക്ക് അനുസൃതമായി കാര്യവിചാരകത്വം നടത്തുന്നത് ജനാധിപത്യ സ്വഭാവം ഉളവാക്കും.

സമൂഹത്തിലെ കാര്യനിർവഹണത്തിനു സജ്ജീവമായ പങ്കാളിത്വം സൃഷ്ടിക്കുന്ന വേദികളാണ് കമ്മററിയും പൊതുയോഗവും. അത് ഒരു പ്രസ്ഥാനത്തിന്റെതായാലും ക്രിയാത്മകവും പ്രസക്തവുമായിത്തീരണം. സമൂഹത്തിന്റെ നന്മയ്ക്കായുള്ള താലന്തുകൾ അതിൽ പങ്കാളികളാകുന്നവരിൽ നിന്നും ഉരുത്തിരിയണം. നിഷ്പക്ഷതയും, പങ്കാളിത്ത സ്വഭാവവും പരസ്പര ബഹുമാന്യതയും സമന്വയിക്കുമ്പോൾ ഉചിതമായ തീരുമാനങ്ങളിൽ നന്മയുടെ പൂക്കൾ സുഗന്ധം പരത്തും.

സമീപനം ഉണ്ടാകരുത്. അഭിപ്രായങ്ങൾ പറയുമ്പോൾ ഉചിതമായ ഭാഷയെ സ്വീകരിക്കാവൂ വക്രോക്തി നിറഞ്ഞതും ദ്വയാർത്ഥവും (Double - Meaning) ജുഗുപ്സ പരത്തുന്ന ആഭാസശൈലി (Vulgarism) യും ഒരിക്കലും ഉണ്ടാകരുത്. പരസ്പരം ബഹുമാനത്തോടെ പ്രതികരിക്കുവാൻ ശ്രദ്ധിക്കണം. ആശയ പ്രകടനങ്ങളിൽ സ്വാർത്ഥതാ മനോഭാവം നിഴലിക്കരുത്.

## 4 ജനാധിപത്യ സ്വഭാവം

അഭിപ്രായങ്ങൾ സ്വരൂപിച്ച് ഉചിതമായത് സ്വീകരിക്കുന്ന വേദികളിൽ ജനാധിപത്യ സ്വഭാവമാണുള്ളത്. ഒരിക്കലും സേഛാധിപത്യ ശൈലിയെ പ്രോത്സാഹിപ്പിക്കരുത്. ഇത് ചിലപ്പോൾ വ്യക്തികളിലും അധികാരികളിലും പ്രകടമാകും.

'ഞാൻ ചിന്തിക്കുന്ന രീതിയിൽ എല്ലാവരും ചിന്തിക്കണം.

എന്റെ ചിന്തയാണു ശരി,

ഞാൻ പറയുന്നത് അംഗീകരിച്ചാൽ എന്താണു കുഴപ്പം... ഇങ്ങനെ ചിന്തിക്കുന്നവരും ഇല്ലാതില്ല. സ്വാർത്ഥമായ ചിന്തകൾ ഇവരുടെ ആശയങ്ങളിൽ കുടുങ്ങിയിരിക്കുന്നത്. സൂക്ഷ്മ പരിശോധനയിൽ കണ്ടെത്താവുന്നതാണു.

കമ്മററിയും പൊതുയോഗവും ഒരു ദിശയിലേക്കു.(one-way) മാത്രമുള്ള വിനിമയ പ്രക്രിയയാകരുത്. ആശയങ്ങൾ പരസ്പരം നൽകുകയും സ്വീകരിക്കുകയുമാണ്. ഇവ അർത്ഥവത്തായ ചിന്തകളായിരിക്കണം. തീരുമാനങ്ങളിൽ ഐക്യതയുണ്ടാകണം. ചുമതലകൾ പരസ്പരം പങ്കിടുകയും പൂർണ്ണ ഉത്തരവാദിത്വത്തോടെ ചെയ്യുകയും വേണം. ഓരോരുത്തരും പുതിയ ചിന്തകളും അഭിപ്രായങ്ങളും സംഭാവന ചെയ്യണം. പൊതുവിന്റെ നന്മയെ ലക്ഷ്യമാക്കിയുള്ള പ്രവർത്തന സരണികളിൽ ജനാധിപത്യ സ്വഭാവം ഉണ്ടാകണം.

## 5 പര്യാപ്തനായ അദ്ധ്യക്ഷൻ

ഏതൊരു യോഗത്തിനും അദ്ധ്യക്ഷൻ ഉണ്ടാകും. അദ്ധ്യക്ഷനു യോഗ



ത്തെ നിയന്ത്രിക്കുവാനും നയിക്കുവാനുമുള്ള ഉത്തരവാദിത്വമാണുള്ളത്. സജീവമായ ചർച്ചകൾ 'കാടുകയറുമ്പോൾ' നിയന്ത്രിക്കുകയും വിവിധങ്ങളായ അഭിപ്രായങ്ങളെ ക്രോഡീകരിച്ച് സംക്ഷിപ്തമായി എല്ലാവർക്കും വ്യക്തമാകത്തക്കരീതിയിൽ അവതരിപ്പിക്കുകയും വേണം. അദ്ധ്യക്ഷൻ അശ്രദ്ധയും ഉദാസീനതയും കാട്ടിയാൽ കാര്യമായ ചർച്ചകൾ ഉണ്ടാകുകയില്ല. തീരുമാനങ്ങളും അഭിപ്രായങ്ങളും 'യോഗത്തിൽ' നിന്നാണുണ്ടാകേണ്ടത്. അതിനുള്ള സ്വാതന്ത്ര്യവും അവകാശവും നൽകണം. എന്നാൽ പരസ്പരം അഭിസംബോധന ചെയ്യുന്നതും വ്യക്തിപരമായ പരാമർശങ്ങൾ നടത്തുന്നതും ഒഴിവാക്കുവാൻ ശ്രമിക്കണം. രൂക്ഷത മുറുകി നിൽക്കുമ്പോൾ സന്ദർഭോചിതമായ ഉപദേശങ്ങൾ നൽകി സദസ്സിനെ ശാന്തമാക്കണം.

അദ്ധ്യക്ഷൻ സ്വന്തം തീരുമാനങ്ങളും ആശയങ്ങളും സദസ്സിനെ അടിച്ചേൽപ്പിക്കുവാൻ ശ്രമിക്കരുത്. ആധിപത്യ (Authoritarian) സ്വഭാവം പൂർണ്ണമായും ഇല്ലാതാകണം. അംഗങ്ങൾക്ക് എല്ലാം അഭിപ്രായം പറയുവാനും അവരുടെ തീരുമാനങ്ങൾക്ക് അനുസൃതമായി കാര്യവിചാരങ്ങൾ നടത്തുന്നത് ജനാധിപത്യ സ്വഭാവം ഉളവാക്കും.

സമൂഹത്തിലെ കാര്യനിർവഹണത്തിനു സജീവമായ പങ്കാളിത്വം സൃഷ്ടിക്കുന്ന വേദികളാണ് കമ്മററിയും പൊതുയോഗവും. അത് ഒരു പ്രസ്ഥാനത്തിന്റേതായാലും ക്രിയാത്മകവും പ്രസക്തവുമായിത്തീരണം. സമൂഹത്തിന്റെ നന്മയ്ക്കായുള്ള താലന്തുകൾ അതിൽ പങ്കാളികളാകുന്നവരിൽ നിന്നും ഉരുത്തിരിയണം. നിഷ്പക്ഷതയും, പങ്കാളിത്ത സ്വഭാവവും പരസ്പര ബഹുമാന്യതയും സമന്വയിക്കുമ്പോൾ ഉചിതമായ തീരുമാനങ്ങളിൽ നന്മയുടെ പൂക്കൾ സുഗന്ധം പരത്തും.

## ഭദ്രാസന വാർത്തകൾ

### ഡിസ്ട്രിക്റ്റ് സമ്മേളനം

ഉമയാററുകര ഡിസ്ട്രിക്ററിലെ പ്രാർത്ഥനാ യോഗങ്ങളുടെ സംയുക്ത അർദ്ധദിന സമ്മേളനം കല്ലുങ്കൽ സെൻറ് ജോർജ് പള്ളിയിൽ വച്ച് വികാരി റവ. ഫാ. ജോൺ വർഗീസിൻെറ അദ്ധ്യക്ഷതയിൽ കൂടി. ഭദ്രാസന പ്രവർത്തനയോഗം ജനറൽ സെക്രട്ടറി ശ്രീ. വി. ഐ. തോമസ് മുഖ്യപ്രഭാഷണം നടത്തി. ഡിസ്ട്രിക്ററ് സെക്രട്ടറി ശ്രീ. കെ. എം. മത്തായി റിപ്പോർട്ടവതരിപ്പിച്ചു. കമാൻറർ കെ. ജി. തോമസ് ശ്രീ. ററി. ററി. തോമസ് എന്നിവർ ആശംസാ പ്രസംഗങ്ങൾ നടത്തി.

ശ്രീ. കെ. എം. മത്തായി സ്വാഗതവും, ശ്രീ. എം. സി. ജോസഫ് കൃതജ്ഞതയും പറഞ്ഞു.

### വലംകൈ ചെയ്യുന്നത് ഇടംകൈ അറിയാതെ

പിരളശ്ശേരി സെൻറ് ജോർജ് കാതോലിക്കേററ് സിംഹാസനപ്പള്ളി ഇടവകയ്ക്കുവേണ്ടി പേരു വെളിപ്പെടുത്തുവാൻ ആഗ്രഹിക്കാത്ത ഒരു വ്യക്തി ഭദ്രാസനാസ്ഥാനത്തിൻെറ നിർമ്മാണ പ്രവർത്തനങ്ങൾക്കുവേണ്ടി സംഭാവന ചെയ്തതായ ഒരു ലക്ഷം രൂപാ ഇടവക വികാരി റവ. ഫാ. വൈ. തോമസ് ഭദ്രാസനാധിപൻ തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്തായെ ഏല്പിച്ചിരിക്കുന്നു. അനുകരണീയമായ ഈ സൽപ്രവർത്തി മററു കഴിവുള്ള ഭദ്രാസാനഗളും ഇടവകകളും മതൃകയാക്കിയിരുന്നെങ്കിൽ!

### ഡിസ്ട്രിക്ട് സമ്മേളനം

ചെങ്ങന്നൂർ ഭദ്രാസനത്തിൽപെട്ട പന്തളം ഡിസ്ട്രിക്ട് മർത്തമറിയം സമാജത്തിൻെറ അർദ്ധദിന സമ്മേളനം 11-12-94 ഞായറാഴ്ച 1.30 p m. മുതൽ പഴകുളം മാർ ഗ്രീഗോറിയോസ് പള്ളിയിൽ വച്ച് നടത്തപ്പെട്ടു.



Rre. Fr. A.M വറുഗീസിൻെറ അദ്ധ്യക്ഷതയിൽ കൂടിയ സമ്മേളനം Rev. Fr. മാത്യു വർഗീസ് ഉദ്ഘാടനം ചെയ്തു. Rev. Er മർദ്ദോസ് ജോസഫ് MSe. Phill (സെൻററീഫൻസ് കോളജ് പത്തനാപുരം) "ക്രിസ്തീയ രക്ഷ" എന്ന വിഷയത്തെ ആസ്പദമാക്കി ക്ലാസ്സ് എടുത്തു.

Sri. P.G യോഹന്നാൻ Sri. C.K റജി (ബാലസമാജം ഭദ്രാസന സെക്രട്ടറി) എന്നിവർ പ്രസംഗിച്ചു. Rve. Fr. സി. കെ, ഗീവറുഗീസ് സമ്മാനദാനം നിർവ്വിച്ചു. Mrs. ലില്ലി മാത്യു സ്വാഗതവും ഡിസ്ട്രിക്ട് സെക്രട്ടറി smt. ഷേർലിരാജ് കൃതജ്ഞതയും രേഖപ്പെടുത്തി.

### സൺഡേസ്കൂൾ ദക്ഷിണ മേഖലാ സഹപാഠ്യ മത്സരങ്ങളിൽവിജയം വരിച്ചവർ

ജൂണിയർ

പ്രസംഗം II സജന്ന എൽസാ കോശി.
സെ. ഗ്രീഗോറിയോസ്, തൈമറവുംകര.

സംഗീതം. II ചാക്കോ കുററിശ്ശേരിൽ, സെ. മേരീസ് കുട്ടമ്പേരൂർ.

വേദവാപ്യം I ജിൻസി സാറാ ജോൺ, എം ജി. എം. കാളികുന്ന്

സീനിയേഴ്സ്.

സംഗീതം I അനു. പി, വറുഗീസ്.
മാർബസ്സേലിയോസ്, പുത്തൻകാവ്.

II ജയ. പി. ജി. സെ. മേരിസ് ഇടവങ്കാട്ട്

സമൂഹഗാനം I ഏലിയാമ്മ ജോർജ്, ബിൻസി. പി സാമുവേൽ, സജിതാ ജോർജ്, സെ. ജോർജ് അറത്തിൽ പന്തളം

II ജിബി ററി. മാത്യു, ആൻസു ഏലിസബത്ത്, ഷാജി ചെറിയാൻ, സെം മേരീസ് വെണ്മണി

പൊതുവിജ്ഞാനം I ഷൈനി ഏ. ജോൺ സെ. തോമസ് കുരമ്പാല

II സാജൻ. കെ. ജെ. സെ. തോമസ് കുരമ്പാല

വേദവാക്യം II ഷൈനി ഏ. ജോൺ. സെ. തോമസ് കുരമ്പാല
ഉപന്യാസം I റീനാ അന്നമ്മ ബാബു. സെ. മേരീസ്, കുട്ടംപേരൂർ

ചെങ്ങന്നൂർ ഭദ്രാസനം 43 പോയൻറുകളോടെ ഒന്നാം സ്ഥാനം നേടി.

### അനുമോദനം

പേരിശ്ശേരി സെൻറ് മേരീസ് വലിയ പള്ളി ഇടവകാംഗമായ പള്ളിയിൽ വെരി. റവ. പി. ജി. ജോർജ് കോർ എപ്പിസ്കോപ്പായെ ചെങ്ങന്നൂർ മെത്രാസന സെക്രട്ടറിയായും വികാരി റവ. ഫാ. ജോൺ പോളിനെ കൗൺസിലംഗമായും ഇടവകാംഗമായ ശ്രീ. സതീശ് മാണിക്കശ്ശേരിയെ സഭാ മാനേജിംഗ് കമ്മററിയംഗമായും തെരഞ്ഞെടുത്തതിന് അനുമോദനം അർപ്പിക്കുവാൻ ചേർന്ന യോഗത്തിൽ വന്ദ്യ ബർസ്ലീബാ റമ്പാച്ചൻ അദ്ധ്യക്ഷത വഹിച്ചു. റവ. ഡീക്കൻ ഗീവറുഗീസ് ജോൺ, ശ്രീമതി കുഞ്ഞൂഞ്ഞമ്മ മാമ്മൻ എന്നിവർ ആശംസകൾ അർപ്പിച്ചു. മൂന്നുപേരും അനുമോദനങ്ങൾക്ക് സമുചിതമായി മറുപടി പറഞ്ഞു.

### ദേവാലയ കൂദാശ

ഗുജറാത്ത് സംസ്ഥാനത്തുള്ള സൂററിൽ പുതുതായി പണികഴിപ്പിച്ച മാർ ബസേലിയോസ് ഓർത്തഡോക്സ് പള്ളിയുടെ കൂദാശ ഫെബ്രുവരി 11, 12 തീയതികളിൽ ഡോ. ഫീലിപ്പോസ് മാർ തെയോഫിലോസ് മെത്രാപ്പോലീത്താ, തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ ഗീവറുഗീസ് മാർ കൂറിലോസ് എപ്പിസ്കോപ്പാ എന്നീ തിരുമേനിമാരുടെ കാർമ്മികത്വത്തിൽ നടത്തപ്പെട്ടു. 1970 കളിൽ ആണ് ഒരു വൈദികനായിരുന്ന റവ. ഫാ. കെ. റ്റി. തോമസ് (ഇന്നത്തെ ചെങ്ങന്നൂർ ഭദ്രാസനാധിപൻ) ഏതാനും സഭാംഗങ്ങളുടെ സഹകരണത്തിൽ സമാരംഭിച്ചതാണ് ഈ ഇടവക.

### തിരിച്ചെത്തി

അമേരിക്കൻ ഐക്യനാടുകളിൽ അവിടെയുള്ള ഭദ്രാസനത്തിലെ പ്രശ്നങ്ങളെക്കുറിച്ച് പഠിച്ചു റിപ്പോർട്ട് സമർപ്പി



ക്കുവാനായി പോയിരുന്ന അഭിവന്ദ്യ തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ ഗൾഫ് നാടുകൾവഴി ജനുവരി 28-ാം തീയതി ശനിയാഴ്ച ബഥേൽ അരമനയിൽ തിരിച്ചെത്തി.

### ത്രിദിന ഉപവാസ ധ്യാനം

പേരിശ്ശേരി സെൻറ് മേരീസ് വലിയ പള്ളിയുടെ ആഭിമുഖ്യത്തിൽ ഡിസംബർ 15, 16, 17 തീയതികളിൽ ത്രിദിന ഉപവാസധ്യാനം നടത്തുകയുണ്ടായി. 15-ാം തീയതി രാവിലെ വികാരി റവ. ഫാ. ജോൺ പോളിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ചെങ്ങന്നൂർ മെത്രാസന സെക്രട്ടറി വെരി. റവ. പി. ജി ജോർജ് കോർ എപ്പിസ്കോപ്പാ ഉദ്ഘാടനം ചെയ്തു.

റവ. ഫാ. ജോൺസൺ കോട്ടപ്പുറത്ത് (ഓർത്തഡോക്സ് ആരാധന) റവ. ഫാ. കെ. എൽ. മാത്യു വൈദ്യൻ (വി. കൂദാശകളുടെ സാംഗത്യം) റവ റ്റി ജെ. തോമസ് (ആരോഗ്യപരമായ ആശയ വിനിമയം) ഡോ. മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്താ (വാങ്ങിപ്പോയവരുടെ അവസ്ഥയും മദ്ധ്യസ്ഥ പ്രാർത്ഥനയും) റവ. ഫാ. ജോസ് ആലഞ്ചേരി (സ്ത്രീപുരുഷ മനശാസ്ത്രവും കുടുംബബന്ധങ്ങളും) റവ. ഫാ. റ്റി ജെ ജോഷ്വാ (പുതിയ നിയമം) എന്നിവർ ക്ലാസ്സെടുത്തു. ശ്രുതി മ്യൂസിക്ക് സ്കൂളിലെ റവ. ഫാ. മാത്യു വറുഗീസ് ഗാനപരിശീലനം നടത്തി. ഡീക്കൻ ഗീവറുഗീസ് ജോൺ കുമ്പസാരത്തിനായി വിശ്വാസികളെ ഒരുക്കി, 600 ൽപരം പേർ സത്യകുമ്പസാര നടത്തി.വി കുർബ്ബാന അനുഭവിച്ചു. ബോംബെ ഭദ്രാസനാധിപൻ അഭിവന്ദ്യ ഡോ ഫിലിപ്പോസ് മാർ തെയോഫിലോസ് മെത്രാപ്പോലീത്താ സന്ദർശിക്കുകയും ആശംസകൾ അറിയിക്കുകയും ചെയ്തു. റവ, ഫാ. ജോൺ പോൾ ധ്യാനത്തിനു നേതൃത്വം നൽകി.

### യുവജനപ്രസ്ഥാനം ഭദ്രാസന അസംബ്ളി

യുവജനപ്രസ്ഥാനം ചെങ്ങന്നൂർ ഭദ്രാസന അസംബ്ളി മാർച്ച് 11 ശനിയാഴ്ച വൈകിട്ട് 7.30 ന് ഭദ്രാസനാധിപൻ

അഭിവന്ദ്യ തോമസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷ്യതയിൽ കുടശ്ശനാട് സെൻറ് സ്ററീഫൻസ് കത്തീഡ്രലിൽ നടത്തുന്നതാണ് തദവസരണത്തിൽ ഭദ്രാസന കമ്മററിയംഗങ്ങളെയും കേന്ദ്ര കമ്മററിയംഗങ്ങളെയും തെരഞ്ഞെടുക്കുന്നതാണ്.

### ഭദ്രാസന വാർഷീക ക്യാമ്പ്

യുവജനപ്രസ്ഥാനം ചെങ്ങന്നൂർ ഭദ്രാസന വാർഷിക ക്യാമ്പ് മാർച്ച് 11,12 തീയതികളിൽ കുടശ്ശനാട് സെൻറ് സ്ററീഫൻസ് കത്തീഡ്രലിൽ നടത്തുന്നതാണ്. പ്രസ്ഥാന പ്രസിഡൻറ് അഭിവന്ദ്യ പൗലോസ് മാർ മിലിത്തിയോസ് തിരുമേനിയുടെ അദ്ധ്യക്ഷതയിൽ ചേരുന്നയോഗം അഭിവന്ദ്യ തോമസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ ഉദ്ഘാടനം ചെയ്യും. ക്ലാസ്, ചർച്ച, ക്വിസ് മത്സരം പൊതുസമ്മേളനം ഇവ ഉണ്ടായിരിക്കും. വിവിധ ക്ലാസുകളിൽ പ്രൊഫ. K.C മാണി റവ, ഫാദർ. കെ. ജെ. ഗബ്രിയേൽ, ഫാദർ. ജോഷ്വ പീടികയിൽ ഫാദർ ജോബ്സൺ, കോട്ടപ്പുറത്ത്, ഫാദർ. കുര്യൻ ദാനിയേൽ, ഫാദർ കെ. വി. പോത്തൻ, ഫാദർ മാത്യു വറുഗീസ് ഫാദർ കെ. എസ് ശമുവേൽ ശ്രീ കെ. ജി. തോമസ് എന്നിവർ സംസാരിക്കും ഒരാൾക്ക് രജിസ്ട്രേഷൻ ഫീസ് 20 രൂപയായിരിക്കും. പങ്കെടുക്കുന്നവർ ഭദ്രാസന സെക്രട്ടറിയെ വിവരം അറിയിക്കേണ്ടതാണ്.

### "അവൻ നിൻെറ തല തകർക്കും"

റവ. സി. ജോൺ. തുണ്ടുമണ്ണിൽ

ദൈവകല്പന ലംഘിക്കുവാൻ ഹവ്വായെ പ്രലോഭിപ്പിച്ച സാത്താനോട് ദൈവം കല്പിച്ചു. "ഞാൻ നിനക്കും സ്ത്രീക്കും, നിൻെറ സന്തതിക്കും അവരുടെ സന്തതിക്കും തമ്മിൽ ശത്രുത ഉണ്ടാക്കും. അവൻ നിൻെറ തല തകർക്കും, നീ അവൻെറ കുതികാൽ തകർക്കും. (ഉല്പത്തി 3:15).

(തുടരും)





## ബാലപത്രിക

ആനി ജേക്കബ് ചാരുനിൽക്കുന്നതിൽ

സ്നേഹമുള്ള കൂട്ടുകാരെ,

അതിരുകടന്ന അഹങ്കാരം ആപത്താണെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ? അഹങ്കാരം മൂലം നാശം ഭവിച്ച ഒരു കോഴിയുടെ കഥ പറയാം.

അടുത്തുള്ള രണ്ടു വീടുകളിൽ ധാരാളം കോഴികളെ വളർത്തിയിരുന്നു. അതിൽ ശക്തരായ രണ്ടു പൂവൻ കോഴികാം ഒരിക്കൽ അങ്കത്തിനു തയ്യാറായി. ആരാണു ശക്തനെന്നു തീരുമാനിക്കുവാൻ രണ്ടുപേരും ലക്ഷ്യമിട്ടു

അങ്കം തുടങ്ങി. കൂർത്ത കൊക്കുകളും നഖങ്ങളും രക്തപങ്കിലമായി. സടകുടഞ്ഞും ചിറകടിച്ചും അവ പൊരുതുമ്പോ ൾ ആകാശം പൊടിപടലത്താൽ നിറഞ്ഞു, തോൽക്കുമെന്നുറപ്പായ കോഴി ഓടിക്കളഞ്ഞു. ലജ്ജയോടെ അതൊരു മൂലയിൽ ചെന്ന് ഒളിച്ചിരുന്നു.

പക്ഷെ വിജയിയായ കോഴി അങ്കസ്ഥലത്തുനിന്ന് അഹങ്കാരത്തോടെ ചിറകടിച്ച് കൂകിക്കൊണ്ടിരുന്നു. തെല്ലുകഴിഞ്ഞ് വിജയ കാഹളം മുഴക്കുവാൻ അത് പുരപ്പുറത്തുകയറി തലയുയർത്തി വലിയ ഗമയിൽ നിന്നു.

മുകളിൽനിന്ന് ഒരു കഴുകൻ അതു ശ്രദ്ധിച്ചു. വളരെ സൗകര്യ പൂർവ്വം പുരപ്പുറത്തുനിന്ന് കോഴിയെ അവൻ [illegible]യെടുത്തു. അതിൻെറ കഥ കഴിഞ്ഞു.

Regd. No R. N. 44684/87 Regd. No. G/KL/TLA/71

# BETHEL PATHRIKA

അങ്കത്തിൽ തോററ് ഒളിച്ചിരിക്കുകയായിരുന്ന കോഴി എല്ലാം കാണുന്നുണ്ടായിരുന്നു. അതുടനെ പുറത്തിറങ്ങിവന്ന് വിജയിയെപ്പോലെ ചിറകടിച്ചു കൂവി.

കൂട്ടുകാരെ, ചെറിയ വിജയത്തിൽ ഒരിക്കലും ആഹ്ളാദിക്കയോ അഹങ്കരിക്കയോ ചെയ്യരുത്, മറിച്ച് കൂടുതൽ താഴ്മയോടെ അനുഗ്രഹങ്ങൾക്കായി ദൈവമുമ്പാകെ സമർപ്പിക്കണം. എന്നാൽ ദൈവാനുഗ്രഹം ഉണ്ടാകും.

സ്നേഹപൂർവ്വം **ആനിചേച്ചി**

---

**ഉത്തരങ്ങൾ**

1 നോഹ (ഉല്പത്തി 9:20)
2 ശലോമോൻ (1 രാജാ 4:29)
3 ഏലിയുടെ (1 ശമു 2:33)
4 ആദമെ നീയെവിടെ ? (ഉല്പത്തി 3:9)
5 യേശയ്യാവ് (20:3)
6 ദാനിയേൽ
7 ശമര്യ (വി. ലൂക്കോസ് 17:16)
8 വി. സ്തേഫാനോസ് (അ.പ്ര: 7:55)
9 ആരാമ്യ ഭാഷ
10 യരുശലേം സഭ

Printed and published by Fr. P. G. George
on behalf of H. G. Thomas Mar Athanasios at
PHILIPS PRINTERS CHENGANNUR Editor Fr P. G. George